# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഗുരുവായൂര് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(എം2) 293/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 06/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഗുരുവായൂര് മുനിസിപ്പാലിറ്റി

സർ,

വിഷയം : ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(എം2) 293/2022 തീയ്യതി: 06/06/2022

## തൃശ്ശൂർ ജില്ലയിലെ ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 59 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 46 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ.ഷാജി | ജോയിന്റ് ഡയറക്ടർ | 13-01-2022 | 20-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-01-2022 | 20-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ഷോബി വി.പി, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
2) ബേബി.പി.വി. ഓഡിറ്റ് ഓഫീസർ
3) മീര.ടി., ഓഡിറ്റ് ഓഫീസർ
4) ഷൈനി കൃഷ്ണദാസ്.ഇ. അസി.ഓഡിറ്റ് ഓഫീസർ
5) സ്റ്റാൻലി പി.എസ്., അസി.ഓഡിറ്റ് ഓഫീസർ
6) ജോമോൻ ഇ.കെ,അസി.ഓഡിറ്റ് ഓഫീസർ
7) അനീറ്റ ഡൊമനിക്, ഓഡിറ്റർ
8) സ്വാലിഹ്. സി.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വി.എസ്. രേവതി | ചെയർപേഴ്സൺ | 01-04-2019 | 16-01-2020 |
| അഭിലാഷ് വി ചന്ദ്രൻ (ആക്ടിംഗ്) | ചെയർമാൻ | 17-01-2020 | 09-02-2020 |
| രതി എം. | ചെയർപേഴ്സൺ | 10-02-2020 | 31-03-2020 |
| ഷിബു.വി.പി | സെക്രട്ടറി | 01-04-2019 | 04-09-2019 |
| - | സെക്രട്ടറി | 05-09-2019 | 15-09-2019 |
| ശ്രീകാന്ത് എ.എസ് | സെക്രട്ടറി | 16-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാമകൃഷ്ണൻ | എഎഫ്ഒ | 01-04-2019 | 31-03-2020 |
| ഡോ. നിർമ്മൽ | വെറ്ററിനറി സർജൻ , പൂക്കോട് | 01-04-2019 | 31-03-2020 |
| ഡോ. മഹാലിംഗേശ്വർ | സി.എം.ഒ | 01-04-2019 | 31-03-2020 |
| ഡോ.ലസിത | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീജ | എസ്.സി.ഡി.ഒ | 01-04-2019 | 31-03-2020 |
| പി.ഇ. ലതിക | എച്ച്.എം. ജി.യുപി.എസ് | 01-04-2019 | 31-03-2020 |
| ഉഷ | എച്ച്.എം ജിഎച്ച്എസ് | 01-04-2019 | 31-03-2020 |
| ബീന | പ്രിൻസിപ്പൽ , ജിഎച്ച്എസ് | 01-04-2019 | 31-03-2020 |
| മൂസക്കുട്ടി | എച്ച്.എസ് | 01-04-2019 | 31-03-2020 |
| മനോജ് | അസിസ്റ്റൻറ് എഞ്ചിനീയർ | 20-07-2019 | 31-03-2020 |
| രാജ് ജെ.ആർ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 23-09-2019 |
| ഇ. ലീല | മുനിസിപ്പൽ എഞ്ചിനീയർ | 24-09-2019 | 31-03-2020 |
| സബിത.കെ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശശികല | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 22-06-2019 |
| ലഭ്യമല്ല | അസിസ്റ്റന്റ് എഞ്ചിനീയർ | 23-06-2019 | 19-07-2019 |
| പ്രദീപ് | പ്രൊജക്ട് ഓഫീസർ | 01-04-2019 | 17-07-2019 |

| | | | |
|---|---|---|---|
| ലഭ്യമല്ല | പ്രൊജക്ട് ഓഫീസർ | 18-07-2019 | 29-09-2019 |
| പ്രകാശൻ | പ്രൊജക്ട് ഓഫീസർ | 30-09-2019 | 31-03-2020 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Shobby.V.P (Audit Officer, On 06-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Anita Dominic (Auditor, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Anita Dominic (Auditor, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Stanley P S (Asst. Audit Officer, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Stanley P S (Asst. Audit Officer, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Swalih C.P (Auditor, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 06-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Stanley P S (Asst. Audit Officer, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-10 |
| 11 | വാർഷിക കണക്ക് അപാകതകൾ<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-04-2022) | 1-11 |
| 12 | ഗ്രാന്റ് സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 20-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-04-2022) | 1-11-1 |
| 13 | ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കി ഡി സി ബി തയ്യാറാക്കുന്നില്ല.<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-04-2022) | 1-11-2 |
| 14 | വസ്തുനികുതി - ഒറ്റ തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-11-3 |
| 15 | പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-11-4 |
| 16 | മുൻകൂർ തുക ലഭിച്ചത് - രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-11-5 |

| | | |
|---|---|---|
| 17 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-11-6 |
| 18 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-11-7 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-11-8 |
| 20 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-11-9 |
| 21 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-04-2022) | 1-11-10 |
| 22 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-11-11 |
| 23 | സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-04-2022) | 1-11-12 |
| 24 | അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണം<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-11-13 |
| 25 | വരവ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-11-14 |
| 26 | Capital Work In Progress-വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-04-2022) | 1-11-15 |
| 27 | ചെക്ക് ഇഷ്യൂ ചെയ്ത മാസങ്ങൾക്ക് ശേഷം പെയ്മെന്റ് വൗച്ചറുകൾ തയാറാക്കുന്നു.<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-11-16 |
| 28 | ജനറൽ പർപ്പസ് ഗ്രാന്റ് വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-04-2022) | 1-11-17 |
| 29 | ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-04-2022) | 1-11-18 |
| 30 | ഭൂമി പാട്ടം ഡിമാൻഡ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-04-2022) | 1-11-19 |
| 31 | ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല<br>Written By: Swalih C.P (Auditor, On 05-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-11-20 |
| 32 | രസീതുകളുടെ പരിപാലനം - അപാകതകൾ.<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 24-05-2022) | 1-12 |
| 33 | വസ്തു നികുതി അപാകതകൾ<br>Written By: Swalih C.P (Auditor, On 07-03-2022) | 1-13 |

| | | |
|---|---|---|
| | Last Updated By: Shobby.V.P (Audit Officer, On 04-04-2022) | |
| 34 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി-വരുമാന നഷ്ടം<br>Written By: Swalih C.P (Auditor, On 08-03-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-13-1 |
| 35 | മൊബൈൽ ടവറുകളുടെ വസ്തു നികുതി - വൻ കുടിശ്ശിക<br>Written By: Swalih C.P (Auditor, On 08-03-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-13-2 |
| 36 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-04-2022) | 1-14 |
| 37 | സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-14-1 |
| 38 | തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല.<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-14-2 |
| 39 | ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-14-3 |
| 40 | ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-14-4 |
| 41 | റേഷൻ കടകൾ,കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-14-5 |
| 42 | ഡി & ഒ ലൈസൻസ് - അപാകതകൾ<br>Written By: Anita Dominic (Auditor, On 08-03-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-15 |
| 43 | പാരാമെഡിക്കൽ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Anita Dominic (Auditor, On 09-03-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-16 |
| 44 | ബൈലോകൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 08-03-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-17 |
| 45 | കടമുറി കൈമാറ്റം- ക്രമപ്രകാരമല്ല<br>Written By: Anita Dominic (Auditor, On 08-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-18 |
| 46 | ബിൽഡിംഗ് പെർമ്മിറ്റ് - അപാകതകൾ<br>Written By: Anita Dominic (Auditor, On 08-03-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-19 |
| 47 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-20 |
| 48 | സംയുക്ത പരിശോധന എത്രയും വേഗം പൂർത്തിയാക്കണം<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-21 |
| 49 | സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-22 |
| 50 | സ്യൂട്ട് റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-23 |
| 51 | വാഹന പരിപാലനം അപാകതകൾ | 1-24 |

| | | |
|---|---|---|
| | Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | |
| 52 | അംഗൻവാടികളുടെ പ്രവർത്തനം - അവലോകനം.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-25 |
| 53 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-26 |
| 54 | സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-27 |
| 55 | ഉപയോഗ ശൂന്യമായ കസേരകൾ കയ്യൊഴിക്കണം.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 1-28 |
| 56 | ടൗൺ ഹാളിൽ ഇൻസിനറേറ്റർ സ്ഥാപിച്ച നടപടി അനഭിലഷണീയം.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 25-05-2022) | 1-29 |
| 57 | അടിപ്പാതക്ക് സെന്റേജ് ചാർജ്ജ് നൽകൽ - അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-30 |
| 58 | ഗ്രോബാഗ് വിതരണം - വിതരണ വിശദാംശങ്ങൾ ഹാജരാക്കിയില്ല.<br>Written By: P.V.Baby (Audit Officer, On 07-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 25-05-2022) | 1-31 |
| 59 | വളം വാങ്ങിയതിന്റെ ഇൻവോയ്സ് ഹാജരാക്കാതെ സബ്സിഡി തുക നല്കി.<br>Written By: P.V.Baby (Audit Officer, On 07-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-32 |
| 60 | അമൃത് പദ്ധതി<br>Written By: Shobby.V.P (Audit Officer, On 06-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-33 |
| 61 | അമൃത് പദ്ധതി- ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ( ULCCS Ltd.) നിർവഹിച്ചു വരുന്ന പ്രവൃത്തികൾ- അപാകതകൾ<br>Written By: Shobby.V.P (Audit Officer, On 06-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 25-05-2022) | 1-34 |
| 62 | റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 06-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-35 |
| 63 | പ്രൊജ.നം. 412/19-20 KSEB യിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 06-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-36 |
| 64 | പ്രൊജ.നം. 237/19-20 SC വ്യവസായ കെട്ടിട നിർമാണം-GST കോമ്പൻസേഷന് അർഹതയില്ല:<br>Written By: Shobby.V.P (Audit Officer, On 06-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 25-05-2022) | 1-37 |
| 65 | സ്കൂളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ -ചെലവു തുക തടസ്സപ്പെടുത്തുന്നു<br>Written By: Stanley P S (Asst. Audit Officer, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-38 |
| 66 | അഗതിരഹിത കേരളം-വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച തുക ചെലവഴിച്ചിട്ടില്ല<br>Written By: Meera T (Audit Officer, On 14-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 25-05-2022) | 1-39 |

| | | |
|---|---|---|
| 67 | അഡ്വാൻസ് തുകകൾ അനുവദിച്ചത് - തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-40 |
| 68 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 25-05-2022) | 1-41 |
| 69 | പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഫിസിയോ തെറാപ്പിസ്റ്റ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവർക്ക് വേതനം- ചെലവ് രേഖകൾ ഹാജരാക്കിയില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-42 |
| 70 | പൂക്കോട് , ഗുരുവായൂർ ഹോമിയോ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്ന്, മെഡിക്കൽ എക്യുപ്മെൻസ് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 25-05-2022) | 1-43 |
| 71 | പൂക്കോട് പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്കിലേക്ക് ആവശ്യമായ മരുന്ന് വാങ്ങൽ - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 25-05-2022) | 1-44 |
| 72 | പെയിൻ ആന്റ് പാലിയേറ്റീവ് - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 25-05-2022) | 1-45 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Swalih C.P (Auditor, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Swalih C.P (Auditor, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Swalih C.P (Auditor, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Swalih C.P (Auditor, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Swalih C.P (Auditor, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 25-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Swalih C.P (Auditor, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 25-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Swalih C.P (Auditor, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 25-05-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Swalih C.P (Auditor, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Swalih C.P (Auditor, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 25-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Swalih C.P (Auditor, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 20.02.2019, തീരുമാനം 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 2962254251- | 2921965589 |
| റിവൈസ്ഡ് ബജറ്റ് - തീയതി, കമ്മിറ്റി തീരുമാനം | 26.03.2020 തീരുമാനം1 | |
| റിവൈസ്ഡ് ബജറ്റ് പ്രകാരം വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 1440224017 | 1433974642 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. സ.ഉ (ആർ.റ്റി) 3291 / 16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2019 | 04-08-2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25,82,10,427.92 |
| വരവ് | 86,07,59,081 |
| ആകെ | 111,89,69,508.92 |
| ചെലവ് | 90,37,01,881 |
| നീക്കിയിരിപ്പ് | 21,52,67,627.92 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACRപ്രകാരം) | 0 | 54666631 | 54666631 | 39211359 | 15455272 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11482334 | 11482334 | 7316471 | 4165863 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 40651000 | 40651000 | 19499073 | 21151927 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 15940000 | 15940000 | 8624387 | 7315613 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR പ്രകാരം) | 0 | 85087000 | 85087000 | 25289394 | 59797606 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 387 | 269750883 | 218 | 100195117 | 154 | 15 | 56.33 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ + ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 3057096 | 5110581 | 8167677 | 7939664 | 228013 |

ക്യാഷ്ബുക്ക് ചെലവ് പ്രകാരമുള്ള ചെലവ് തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത് ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5040 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 2784600 | 1026 |
| വിധവാപെൻഷൻ | 15340800 | 5260 |
| വാർദ്ധക്യകാലപെൻഷൻ | 28839300 | 9587 |
| വികലാംഗപെൻഷൻ | 3694300 | 1246 |
| അവിവാഹിത പെൻഷൻ | 1256400 | 442 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2022 തീയതിയിൽ 3.30 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,61,039/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

* ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ധനകാര്യ സ്റ്റേറ്റ്മെന്റുകൾ മാസം തോറും വിലയിരുത്തുന്നില്ല.

കേരള മുനിസിപ്പാലിറ്റി നിയമം 22(ഡി)(II)(IV) വകുപ്പുകൾ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, അക്കൗണ്ടുകൾ പരിശോധിക്കേണ്ടതും, മാസം തോറും സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. ഇതിനായി മാസാവസാനം അതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കേണ്ടതാണെന്ന് കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 ലെ ചട്ടം 57(1)&(2) എന്നിവയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ മാസാന്ത്യ കണക്കുകൾ തയ്യാറാക്കിയതായോ, അംഗീകരിച്ചതായോ കാണുന്നില്ല.

* ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

* ഫ്രണ്ട് ഓഫീസിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

ദിവസവും ആയിരക്കണക്കിന് രൂപ അടവുവരുന്ന ക്യാഷ് കൗണ്ടറിൽ പ്രസ്തുത സംവിധാനത്തിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള തരത്തിൽ സൗകര്യങ്ങളില്ല. ടോക്കൺ സമ്പ്രദായം, ജനങ്ങൾക്ക് ആവശ്യമായ ഇരിപ്പിട സൌകര്യങ്ങൾ, ഹെൽപ് ഡെസ്ക് എന്നിവയില്ല.

ഓഫീസ് ഉത്തരവുകൾ വഴി കൃത്യമായി ജോലി വിഭജനം നടത്തി താഴെ തട്ടിലുള്ളവർക്ക് ഉത്തരവാദിത്തം ഏല്പിച്ചതായി കാണുന്നില്ല. ഓഫീസ് ഉത്തരവ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.

.മുൻകുറുകൾ ക്രമപ്പെടുത്തുന്നതിൽ കാലതാമസം നേരിടുന്നതായി കാണുന്നു. ഇത് ഒഴിവാക്കേണ്ടതാണ്

*ഇൻക്യുമ്പൻസി രജിസ്റ്റർ

ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മുനിസിപ്പാലിറ്റിയിലേയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേരുകൾ, മേൽവിലാസം, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തി ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

.കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ

കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ, 86/2010/fin തി.24.09.2010 നം സർക്കുലറിൽ പറയുന്ന വിധത്തിൽ സൂക്ഷിച്ചിട്ടില്ല.

.പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ

എല്ലാ അപേക്ഷകളും രജിസ്റ്ററിൽ ചേർത്തിട്ടില്ല. സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷാ രജിസ്റ്ററുകളിൽ അപേക്ഷാതീയതി, പെൻഷൻ അനുവദിച്ച തിയതി, സ്റ്റാൻഡിങ്ങ് കമ്മിറ്റി തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

.ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിലല്ല

നഗരസഭയിൽ ഉപയോഗിച്ചുപോരുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിലുള്ളതല്ല. ഡെപ്പോസിറ്റ് റീഫണ്ട് അനുവദിക്കുമ്പോൾ പ്രസ്തുത ഡെപ്പോസിറ്റ് ക്രമ നം ക്യാൻസൽ ചെയ്യുന്നില്ല.

* അമൃത് പദ്ധതിയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനം വിവിധ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകതകൾ ഖണ്ഡിക 1-35ൽ അന്യത്ര പരാമർശിച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/05/2016 മുതൽ 20/05/2016 വരെ | 2010-2011 | 22.03.2017 |
| അക്കൗണ്ടന്റ് ജനറൽ | 16/10/2017 മുതൽ 02/11/2017 വരെ | 2015-2016 | 01.12.2017 |

## 1-11 വാർഷിക കണക്ക് അപാകതകൾ

2019-20 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-11-1 ഗ്രാന്റ് സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

### 1-11-2 ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കി ഡി സി ബി തയ്യാറാക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

3 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

5 വാടക ഡിമാന്റ് രജിസ്റ്റർ

6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-11-3 വസ്തുനികുതി - ഒറ്റ തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007,ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. (മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.13 മുതൽ 6.16 വരെ) ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ 2019-20 ലെ "110100100-Property Tax (General)" എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഇതിൽ നിന്നും ഡിമാന്റ് തുക സാങ്കല്പികമാണെന്ന് കാണാവുന്നതാണ്. ഈ ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല.

## 1-11-4 പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം ഡിപ്പാർട്ട്മെന്റ് ഹെഡ് തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത് (മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 10.21മുതൽ 10.23വരെ). എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് തുക | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100800-Rent From Buiding | 15458035 | 01/04/2019 | 41900776 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-5 മുൻകൂർ തുക ലഭിച്ചത് - രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന

വരുമാനത്തിന് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 2080265 |

## 1-11-6 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100100-Prior Period Income -Property Tax (General) | 54000 |
| 280800300-Prior Period-Opeartion And Maintenance Expenses | 229371 |
| 280800200-Prior Period-Administrative Expenses | (243769) |

## 1-11-7 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ2007. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രന 24,25,26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കുന്നില്ല.

## 1-11-9 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി

31/3/2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Assetsഎന്ന ആസ്തികൾക്ക്. 31703405രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2020 ലെ Accumalated Depreciation 135516569രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2020-21 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-11-10 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ രസീപ്റ്റ് ആന്റ് പേയ്മെന്റ് RP 27 പ്രകാരമുള്ള വരവു ചെലവുകളും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-11 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4 എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.20ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.20ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17). ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരം ബാധ്യത തുകകൾക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ടുകളോ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത തുകകളോ വാർഷികകണക്കിൽ കാണുന്നില്ല. അപ്രോപ്രിയേഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-11-12 സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 3643787/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല.

## 1-11-13 അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണം

ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ അഡ്വാൻസ്, മാര്യേജ് ലോൺ എന്നിവയുടെ വിവരണങ്ങൾ രേഖപെടുത്തിയിട്ടില്ല.

## 1-11-14 വരവ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

RP-3, RP-4 (140501100, 140501300 എന്നിവ ഒഴികെ) Rp-5 എന്നിവ പ്രകാരമുള്ള വരവുകളുടെ രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-11-15 Capital Work In Progress-വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B11 പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 52513378 രൂപയാണ്. ആയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-11-16 ചെക്ക് ഇഷ്യൂ ചെയ്ത മാസങ്ങൾക്ക് ശേഷം പെയ്മെന്റ് വൗച്ചറുകൾ തയാറാക്കുന്നു.

വിവിധ ബാങ്കുകളുടെ റീകൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ നിന്നും നഗരസഭയിൽ ചെക്ക് ഇഷ്യൂ ചെയ്ത മാസങ്ങൾക്ക് ശേഷമാണ് പെയ്മെന്റ് വൗച്ചറുകൾ തയാറാക്കുന്നത് എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ/തീയതി | വൗച്ചർ നമ്പർ /തീയതി | തുക |
|---|---|---|---|
| 1 | 611628/16.7.2019 | 21900803/12.10.2019 | 37800 |
| 2 | 612491/18.5.2019 | 21900461/21.9.2019 | 988341 |
| 3 | 611646/27.7.2019 | 21900825/12.10.2019 | 18900 |

## 1-11-17 ജനറൽ പർപ്പസ് ഗ്രാന്റ് വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ജനറൽ പർപ്പസ് ഗ്രാന്റ് വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം : 33293560

വാർഷിക കണക്ക് പ്രകാരം : 33292618

## 1-11-18 ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-11-19 ഭൂമി പാട്ടം ഡിമാൻഡ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ഭൂമി പാട്ടം ഡിമാൻഡ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

## 1-11-20 ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല

വാർഷിക കണക്ക് പ്രകാരം താഴെ കാണും വിധം വായ്പ തിരിച്ച് അടവാക്കാൻ ഉണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ വായ്പയുടെ വരവ് ചെലവ് നീക്കിയിരിപ്പുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | തുക |
|---|---|---|
| 1 | 331200100- Loans From State Govt | 1611400 |

## 1-12 രസീതുകളുടെ പരിപാലനം - അപാകതകൾ.

നഗരസഭയിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1.പൂക്കോട് സോണിലെ ശാന്തകുമാരി (ക്ലർക്ക്) എന്നവർ 29.04.2019 മുതൽ 29.06.2019 വരെയുള്ള തീയതികളിൽ 551,565,577,587,597,618,630 എന്നീ 8 രസീത് ബുക്കുകൾ പ്രകാരം കളക്ട് ചെയ്ത വരവുകളുടെ കൃത്യത കളക്ഷൻ രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.59/02.02.22) നൽകിയ മറുപടിയിൽ കളക്ഷൻ രജിസ്റ്റർ നിലവിൽ ഓഫീസിൽ ലഭ്യമല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. കളക്ഷൻ രജിസ്റ്റർ എത്രയും വേഗം ഓഡിറ്റിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. രസീതുകളിൽ തുക വെട്ടി തിരുത്തി എഴുതിയിട്ടുണ്ട്. ഉദാ: 744/74347, 74348,74349ആയത് ചട്ട വിരുദ്ധമാണ്. കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ,2007 ചട്ടം 11)

3. സർക്കുലർ 58725/എഫ്.എം.3.2008/ തസ്വഭവ/ 26.5.11 പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നുണ്ട്. ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്താൻ പാടുള്ളതുമല്ല. നഗരസഭക്ക് എസ് ബി ടി യിലും കാനറാ ബാങ്കിലും തനത് ഫണ്ടിനായി അക്കൗണ്ടുണ്ട്.

4. ഡേ ബുക്കിനൊപ്പം സൂക്ഷിച്ചിട്ടുള്ള റെമിറ്റൻസ് സംക്ഷിപ്തം പ്രകാരം താഴെ കാണുന്ന ദിവസങ്ങളിൽ ഡേ ബുക്കിൽ വരവ് വരാത്ത ചിട്ട കളക്ഷൻ ആയുള്ള തുക കൂടെ ഉൾപ്പെടുത്തി ആണ് ബാങ്കിൽ അടവാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | തീയതി | ഡേ ബുക്ക് പ്രകാരമുള്ള കൗണ്ടർ കളക്ഷൻ | ചിട്ട | ആകെ ബാങ്കിൽ അടവാക്കിയത് |
|---|---|---|---|---|
| 1 | 08.04.19 | 96047 | 231266 | 327313 |
| 2 | 10.04.19 | 196048 | 42169 | 238217 |

5. തൈക്കാട് സോണൽ ഓഫീസിന്റെ 2019-20 വർഷത്തെ ഒന്നാം ചിട്ടയിൽ 68 മുതൽ 80 വരെയും, 91 മുതൽ 101 വരെയുമുള്ള പേജുകൾ കാണുന്നില്ല. പ്രസ്തുത ചിട്ടയിൽ എല്ലാ പേജുകളും ഉണ്ടെന്ന മുൻഭാഗത്തു സെക്രട്ടറി സാക്ഷ്യപെടുത്തിയിട്ടുണ്ട്. ചിട്ടയുടെ 90 ാം പേജിൽ 68 മുതൽ 80 വരെയുള്ള പേജുകൾ ക്ലാർക്ക് ആയ ശ്രീ.മണികണ്ഠൻ നീക്കം ചെയ്തതായി സെക്രട്ടറി കണ്ടെത്തിയതായും പ്രസ്തുത പേജുകളുടെ എതിർവശത്തുള്ള പേജുകളാണ് 91 മുതൽ 101 വരെയുള്ള പേജുകൾ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ചിട്ടയിൽ നിന്നും പേജുകൾ നീക്കം ചെയുന്നത് സാമ്പത്തിക ക്രമക്കേടിന് കാരണമാവുന്ന ഗുരുതരമായ തെറ്റാണ്. പ്രസ്തുത ജീവനക്കാരനെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

6. ഡേ ബുക്ക് പ്രകാരം 13.8.2019ൽ രസീത് നമ്പർ 119010500059 മുഖേന 16 ലക്ഷം രൂപയുടെ ചെക്ക് പാർക്കിങ് ഏരിയ എന്ന ഇനത്തിൽ ശ്രീ പി എം ശ്രീനിവാസൻ എന്നിവർ അടവാക്കിയിട്ടുണ്ട് (ചെക്ക് നമ്പർ 366310 തീ 10.8.2019). അക്കൗണ്ടിൽ ഫണ്ട് ഇല്ലാത്തതിനാൽ പ്രസ്തുത ചെക്ക് 16.8.2019,5.9.2019 എന്നീ തീയതികളിൽ റിട്ടേൺ ആയിട്ടുണ്ട്. ഈ തുക പിന്നീട് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ആയതിനാൽ ശ്രീ പി എം ശ്രീനിവാസനെതിരെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം നടപടിയെടുക്കാവുന്നതാണ്. അപ്രകാരം നടപടിയെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും നടപടിയെടുത്തിട്ടില്ല എങ്കിൽ ആയതിന്റെ കാരണവും ലഭ്യമാക്കേണ്ടതാണ്.

7. ഡേ ബുക്ക് പ്രകാരം 17.5.2019ൽ രസീത് നമ്പർ 119010500021 മുഖേന 525000 രൂപയുടെ ചെക്ക് Sale Of Forms By Engineering എന്ന ഇനത്തിൽ അസി:എക്സി. എഞ്ചിനീയർ അടവാക്കിയിട്ടുണ്ട് (ചെക്ക് നമ്പർ 193893തീ 17.5.2019) . എന്നാൽ പ്രസ്തുത തുക 31.3.2021 വരെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

8. ഡേ ബുക്ക് പ്രകാരമുള്ള താഴെ കാണുന്ന വരവുകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | രസീത് നമ്പർ/തീയ്യതി | ഇനം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 119010500151, 119010500152, 119010500153/ 5.11.2019 | Rent On Buildings/stalls | 26699(11438+11798+3463) |
| 2 | 120011100008/ 21.1.2021 | Property Tax - Sobhana | 5210 |
| 3 | 120011100009/ 21.1.2021 | Property Tax - Yousaf | 14127 |
| 4 | 120010900010, 120010900011/ 19.2.2021 | Rent On Buildings/stall | 34958(24403+10555) |

മേൽപ്പറഞ്ഞ അപാകതകൾക്ക് മറുപടി നല്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.57/2.2.22) നൽകിയ മറുപടിയിൽ ക്രമ നമ്പർ 1 ലെ അപാകതകൾ മേലിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും ക്രമ നമ്പർ 8 ലെ 3,4 എന്നീ വരവുകൾ കാർഡ് പേയ്മെന്റ് ആണെന്നും ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടി ലഭ്യമാക്കാത്ത മേൽപ്പറഞ്ഞ അപാകതകൾക്കുള്ള വിശദീകരണം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതും, രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും ഭാവിയിൽ കർശനമായും പാലിക്കേണ്ടതുമാണ്.

## 1-13 വസ്തു നികുതി അപാകതകൾ

നഗരസഭയിലെ വസ്തു നികുതിയുമായി ബന്ധപെട്ടു നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവയാണ് പരിശോധനക്കായി പ്രധാനമായും ഉപയോഗപ്പെടുത്തിയത്. നഗരസഭയുടെ തനത് വരുമാനത്തിൽ വലിയ പങ്ക് ആണ് വസ്തു നികുതിക്ക് ഉള്ളത്. ആയതിനാൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ എത്രയും പെട്ടെന്ന പരിഹരിച്ച നഗരസഭയുടെ തനത് വരുമാനം വർധിപ്പിക്കാനുള്ള നടപടികളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-13-1 കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി-വരുമാന നഷ്ടം

സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 60/- രൂപയും 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 80/- രൂപയും ആണ്. വാർഡ് 1,4,6,15,22,24,30,41,43 എന്നിവയിലെ സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ നികുതി നിർണയത്തിൽ അടിസ്ഥാന നിരക്ക് 80/- രൂപക്ക് പകരം 60/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നം | കെട്ടിട നം. | വിസ്തീർണം (ച.മീറ്റർ) | കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി (വിസ്തീർണംx 80) | സഞ്ചയ പ്രകാരം അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് /വർദ്ധനവ് | സഞ്ചയ പ്രകാരമുള്ള ഡിമാൻഡ് | യഥാർത്ഥത്തിൽ ഡിമാൻഡ് ചെയ്യേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | 1/90-2 | 209.99 | 16799.2 | 10 % ഇളവ് | 13041 | 17388 | 4347 |
| 2 | 4/640- 2 | 136.85 | 10948 | 30 % ഇളവ് | 6611 | 8814 | 2203 |
| 3 | 6/452-3 | 141.21 | 11296.8 | 30 % ഇളവ് | 6822 | 9095 | 2273 |
| 4 | 15/255-1 | 136.58 | 10926.4 | 30 % വർദ്ധനവ് | 12253 | 16336 | 4083 |
| 5 | 22/451-2 | 196.88 | 15750.4 | 20 % ഇളവ് | 10870 | 14492 | 3622 |
| 6 | 24/334-2 | 149.34 | 11947.2 | 30 % ഇളവ്<br>20 % വർദ്ധനവ് | 9276 | 12366 | 3090 |
| 7 | 30/88-1 | 135.2 | 10816 | 30 % ഇളവ്<br>20 % വർദ്ധനവ് | 8398 | 11196 | 2798 |
| 8 | 30/88-2 | 166 | 13280 | 30 % ഇളവ്<br>20 % വർദ്ധനവ് | 10310 | 13745 | 3435 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | 41/295-1 | 149.85 | 11988 | 20 % ഇളവ്<br>20 % വർദ്ധനവ് | 10341 | 13787 | 3446 |
| 10 | 43/550-1 | 202.83 | 16226.4 | 30 % ഇളവ്<br>20 % വർദ്ധനവ് | 12597 | 16795 | 4198 |
| 11 | 43/308-1 | 106.37 | 8509.6 | 20 % വർദ്ധനവ് | 8808 | 11744 | 2936 |
| ആകെ | | | | | | | 36431 |

* ഡിമാൻഡ് = (( അടിസ്ഥാന നികുതി - ഇളവ് ) + വർദ്ധനവ് )+ ലൈബ്രറി സെസ്സ് (5% ) + സർവ്വീസ് ചാർജ്ജ് (10%)

നാളിതുവരെ കുറവായി ഈടാക്കിയ വസ്തുനികുതി പിരിച്ചെടുത്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 56/2.2.22), നൽകിയ മറുപടിയിൽ ക്രമ നമ്പർ 1,2 എന്നിവയിലെ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുന്നതിന റവന്യ ഇൻസ്പെക്ടർക്ക് സമർപ്പിക്കുന്നതാണെന്നും തുടർന്ന് കക്ഷിയിൽ നിന്ന് നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ക്രമ നമ്പർ 4 സഞ്ചയയിൽ ഡാറ്റ എൻട്രി വരുത്തുന്നതിൽ വന്ന തെറ്റാണെന്നും ആയത് പരിഹരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഡാറ്റ എൻട്രിയിൽ വന്ന തെറ്റ് എന്താണെന്ന മറുപടിയിൽ വ്യക്തമല്ല. ആയതിനാൽ മുകളിൽ പരാമർശിച്ച എല്ലാ കെട്ടിടങ്ങളിൽ നിന്നും നാളിതു വരെ കുറവായി ഈടാക്കിയ വസ്തുനികുതി പിരിച്ചെടുത്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി - വൻ കുടിശ്ശിക

സഞ്ചയ പ്രകാരം മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ നഗരസഭക്ക് വലിയ തുക കുടിശ്ശികയായി ലഭിക്കാൻ ഉണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറിന്റെ വിവരം | വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം | നാളിതു വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | വൊഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, | 28/517/1 | 120 | 534780 |
| 2 | എ.ടി.സി ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ | 23/52/1 | 23.56 | 143343 |
| 3 | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ്, | 25/697 | 78.99 | 298728 |
| 4 | ഇൻഡസ് ടവേഴ്സ് | 2/452/1 | 37.2 | 152938 |
| 5 | ആൽഫ്രഡ്. സി.ടി, ചീരൻ ഹൗസ്, കോട്ടപ്പടി, 680505 | 3/525 | 10 | 22176 |
| 6 | ഇൻഡസ് ടവർ ലിമിറ്റഡ് | 3/528/1 | 11.2 | 57960` |
| 7 | ശ്രീമതി., താണിശ്ശേരി ഹൗസ് | 4/195 | 18 | 36412 |
| 8 | വയർലെസ് റ്റി.റ്റി.ഇൻഫോ സർവ്വീസ് ലിമിറ്റഡ് | 10/6 | 34.76 | 75108 |
| 9 | ഭാരതി ഇൻഫ്രാ ടെലി ലിമിറ്റഡ്, ടെലി | 10/17 | 24.33 | 87096 |

| | | | | |
|---|---|---|---|---|
| | കമ്മ്യൂണിക്കേഷൻ ടവർ | | | |
| 10 | കെ.നാരായണി, കുനയിൽ പൂക്കോട്ടിൽ ഹൗസ്, | 37/515 | 50 | 257485 |
| 11 | റിലയൻസ് ഇൻഫോ ടെൽ ലിമിറ്റഡ് | 37/560 | 38 | 116398 |
| ആകെ | | | | 1782424 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 56 /2.2.22), നൽകിയ മറുപടിയിൽ ക്രമ.നമ്പർ 1,2,3 എന്നിവയ്ക്ക് ഡിമാൻഡ് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള ടവറുകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതിയിനത്തിൽ ഇത്രയും വലിയൊരു തുക കുടിശിക വന്നത് നഗരസഭയുടെ റവന്യൂ വിഭാഗത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും നികുതി കുടിശ്ശിക എത്രയും പെട്ടെന്ന് പിഴ പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി സംന്ധിച്ച നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. താഴെ പറയുന്ന അപാകങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14-1 സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.

ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 55 /2.2.22), നൽകിയ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്ന നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. അതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് നികുതി പിരിച്ചെടുക്കുവാൻ നടപടി ഉണ്ടാകേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് | അർദ്ധവർഷം |
|---|---|---|---|
| 1 | നക്ഷത്ര ഇൻ | 2019-20 | രണ്ടാം അർദ്ധവർഷം |
| 2 | നാഷണൽ പാരഡൈസ് റെസ്റ്റോറന്റ് | 2019-20 | രണ്ടാം അർദ്ധവർഷം |
| 3 | തുജ ടവർ | 2019-20 | രണ്ടാം അർദ്ധവർഷം |
| 4 | സതേൺ റെയിൽവേ ഹെഡ് ഓഫിസ് ഗുരുവായൂർ | 2019-20 | രണ്ടാം അർദ്ധവർഷം |
| 5 | കൃഷ്ണാഞ്ജലി ഇൻ | 2019-20 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 6 | മാധവി ലോഡ്ജ് | 2019-20 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 7 | ശ്രീരാമകൃഷ്ണ ലോഡ്ജ് | 2019-20 | ഒന്നും രണ്ടും അർദ്ധ |

| | | | |
|---|---|---|---|
| | | | വർഷങ്ങൾ |
| 8 | ശ്രീകൃപ ലോഡ്ജ് | 2019-20 | രണ്ടാം അർദ്ധവർഷം |
| 9 | വാസുദേവ് ഇൻ | 2019-20 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 10 | പ്രസാദം ഇൻ | 2019-20 | രണ്ടാം അർദ്ധവർഷം |
| 11 | കൃഷ്ണ ജ്വല്ലറി | 2019-20 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 12 | ശ്രീജ ഇൻ | 2019-20 | രണ്ടാം അർദ്ധവർഷം |
| 13 | രാഗമാലിക ടെക്സ്റ്റയിൽസ് | 2019-20 | ഒന്നാം അർദ്ധവർഷം |
| 14 | വൃന്ദാവൻ മടക്കാവിൽ ലോഡ്ജ് | 2019-20 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 15 | ഗുരുവായൂർ വ്യാപാരി സഹകരണ സംഘം | 2019-20 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 16 | എസ് ആർ എം റെസിഡൻസ് | 2019-20 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

## 1-14-2 തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല.

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ഷൗക്കത്തലി പി വി | വിവി കളർ ലാബ് & സ്റ്റുഡിയോ | 2019-20ഒന്നാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 2 | ജിബിൻ എം വി | വിവി കളർ ലാബ് & സ്റ്റുഡിയോ | 2019-20 ഒന്നാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 3 | ശൈലജ | പ്രസാദം ഇൻ | 2019-20 ഒന്നാം അർദ്ധവർഷം | 30000 | 300 | 180 | 120 |
| 4 | സത്യ | പ്രസാദം ഇൻ | 2019-20 ഒന്നാം അർദ്ധവർഷം | 30000 | 300 | 180 | 120 |
| | ആകെ | | | | | | 540 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 55 /2.2.22), നൽകിയ മറുപടിയിൽ പ്രസ്തുത ജീവനക്കാരിൽ നിന്നും കുറവ് വന്ന നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 282 ഉപയോഗിച്ച് നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-3 ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല

1. കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10 പ്രകാരം നഗരസഭയിലെ ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗുരുവായൂർ നഗരസഭയിൽ ഇപ്രകാരമല്ല തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നത്.

2. താഴെ കാണുന്ന സ്ഥാപങ്ങൾ ലഭ്യമാക്കിയ ജീവനക്കാരുടെ തൊഴിൽ നികുതി പത്രിക കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, 2005 പ്രകാരമുള്ളതല്ല. ലഭ്യമാക്കിയ പത്രികയിൽ ജീവനക്കാരുടെ വരുമാന വിവരങ്ങൾ ഇല്ല. ആയതിനാൽ തൊഴിൽ നികുതി നിർണയത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് | അർദ്ധവർഷം |
|---|---|---|---|
| 1 | ഗുരുവായൂർ ദേവസ്വം ഓഫീസ് | 2019-20 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 2 | ഗുരുവായൂർ സർവീസ് സഹകരണ ബാങ്ക് | 2019-20 | രണ്ടാം അർദ്ധവർഷം |
| 3 | ഐ ഡി എഫ് സി ഫസ്റ്റ് ഭാരത് ലിമിറ്റഡ് | 2019-20 | ഒന്നാം അർദ്ധവർഷം |
| 4 | എസ് ഐ ബി ഗുരുവായൂർ ബ്രാഞ്ച് | 2019-20 | രണ്ടാം അർദ്ധവർഷം |
| 5 | ടാമറിൻഡ് ഗുരുവായൂർ | 2019-20 | രണ്ടാം അർദ്ധവർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 55 /2.2.22), നൽകിയ മറുപടിയിൽ പ്രസ്തുത അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഭാവിയിൽ ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-14-4 ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.

ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഓഡിറ്റ് വർഷത്തെ ബി.എസ്.എൻ.എൽ -ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 55/2.2.22), നൽകിയ മറുപടിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-5 റേഷൻ കടകൾ,കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.

നഗരസഭ പരിധിയിൽ ഉറപ്പായും റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടാകുമെന്നിരിക്കെ അവയുടെ എണ്ണം, ഈടാക്കിയ തൊഴിൽ നികുതി എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. നഗരസഭ പരിധിയിൽ പ്രവൃത്തിക്കുന്ന എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ നഗരസഭ പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 55/2.2.22), നൽകിയ മറുപടിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഡി & ഒ ലൈസൻസ് - അപാകതകൾ

2019-20 വർഷത്തെ ഡി & ഒ ലൈസൻസ് താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ അടവാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം നടത്തുന്ന ആളുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | XXIII/41 | രാമനാഥൻ | ഗോകുൽ ഫ്യൂവൽസ് |
| 2 | XXV/112 | ഒ.ജെ. വർഗ്ഗീസ് | ജെറ്റ് സെഗ്ഗ് |

| | | | |
|---|---|---|---|
| | | | വർക്ക്ഷോപ്പ് |
| 3 | XXV/137 | ബിന്ദു രഘു | ഫ്യൂവൽ ഇൻജക്ഷൻ വർക്ക്സ് |
| 4 | XXV/213/ 21 -23 | കെ.എസ്.ഗീതാഭായ് | A To Z സൂപ്പർമാർക്കറ്റ് |
| 5 | XXV/213/ 29-33 | ഷക്കീല ജാഫർ | ഇൻഫൈൻ ടൈലറിംഗ് |
| 6 | XVIII/52 | രവീന്ദ്രൻ കെ.സി. | കഫേ കോഫി ഡേ |
| 7 | XVIII/90 | സദാശിവൻ നായർ | സ്റ്റേഷനറി |
| 8 | XVIII/ 343 | സത്യനാരായണൻ | സ്റ്റേഷനറി |
| 9 | XVIII/365 | എം.കൃഷ്ണൻ നമ്പൂതിരി | മധുര ലോഡ്ജ് |
| 10 | XVIII/371/C | വി.കെ.ഗംഗാധരൻ | ശ്രീ വൈകുണ്ഠം സ്റ്റേഷനറി |
| 11 | XVIII/371/E | വി.കെ.ഗംഗാധരൻ | ശ്രീ വൈകുണ്ഠം മെസ് |
| 12 | XVIII/371/H | വി.കെ.ഗംഗാധരൻ | ശ്രീ വൈകുണ്ഠം ലോഡ്ജ് |
| 13 | XVIII/418 | ജെ.വി. ലളിതാ രാജൻ | ശ്രീരാമകൃഷ്ണ ലോഡ്ജ് |
| 14 | XVIII/421 | വി.ശശിധരൻ | കാപ്പിറ്റൽ ലോട്ടസ് ലോഡ്ജ് |
| 15 | XVIII/428 | സാജൻ ടി.എം. | ഫാൻസി |
| 16 | XVIII/499 | ലളിത് കെ.എസ്. | കേരള ബേക്കറി |
| 17 | XVIII/828 | സലീഷ്കുമാർ കെ.പി. | ടീ സ്റ്റാൾ |
| 18 | XVIII/884 | സുജാത സി.കെ. | ഫിറ്റ് ബോയ് |
| 19 | XVIII/906 | സുനിൽ വി.കെ. | ശ്രീലക്ഷ്മി ടീ സ്റ്റാൾ |
| 20 | XVIII/943 | രാധാചന്ദ്രൻ | സ്റ്റൈൽ & ഫാഷൻ |
| 21 | XVIII/964 | രാധാകൃഷ്ണൻ എം. | ന്യൂ ഫയർ സേഫ്റ്റി |
| 22 | XVIII/990A | അനിൽകുമാർ പി. | ശ്രീകൃഷ്ണ സ്റ്റോഴ്സ് |
| 23 | XVIII/993 | ധർമ്മരാജൻ | ഇന്ദ്രനീലം |
| 24 | XVIII/1369 | വേണുഗോപാൽ പി. | ചിപ്പ്സ് മാർക്കറ്റിംഗ് & സെയിൽസ് |
| 25 | XVIII/1384 | മോഹൻകുമാർ എം.ടി. | ശ്രീമോഹൻ സ്റ്റോഴ്സ് |
| 26 | XVIII/1408 | അഖില എസ്. | ആശീർവാദ് |
| 27 | XVIII/1506 | പ്രവീൺ പി.ആർ. | മദ്രാസ് കഫേ |

ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് അഭിലഷണീയമല്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

## 1-16 പാരാമെഡിക്കൽ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2019-20 വർഷത്തെ പാരാമെഡിക്കൽ ലൈസൻസ് താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ അടവാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം നടത്തുന്ന ആളുടെ | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|

| | | | |
|---|---|---|---|
| | | പേര് | |
| 1 | XXIII/187 | ഡോ. ചന്ദ്രിക ശങ്കർ | ശങ്കർ ക്ലിനിക് |
| 2 | XV/ 50(3) | പ്രബിഷ ഉണ്ണികൃഷ്ണൻ | മെഡിക്കൽ ലാബ് |
| 3 | XVI/647,648 | പ്രജീഷ് പുഷ്പാകരൻ | മെഡിക്കൽ ലാബോറട്ടറി |
| 4 | XVIII/11 | ഡോ.എ. ആരിഭാസ്കർ | ഒ.കെ. ഡെന്റൽ ക്ലിനിക് |
| 5 | XIX/110 | ഡോ. മുഹമ്മദ് സഗീർ | പ്രീത ഡെന്റൽ ക്ലിനിക് |
| 6 | XIX/345(5) | ഡോ.സജീവ് ടി.ആർ. | മോസസ് മെഡിക്കൽ ലാബോറട്ടറി |
| 7 | XIX/463 | രാമകൃഷ്ണൻ എം. | ആയുർവേദിക് ക്ലിനിക് |
| 8 | I/153(3) | പ്രജീഷ് | മെഡിക്കൽ ലാബോറട്ടറി |

പാരാമെഡിക്കൽ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് അഭിലഷണീയമല്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

## 1-17 ബൈലോകൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്

1. ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ

ജി.ഒ (എം.എസ്)105/97/തദ്ദേശ സ്വയംഭരണവകുപ്പ് വിജ്ഞാപന പ്രകാരം ഷോപ്പിംഗ് സെന്റർ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഗുരുവായൂർ നഗരസഭ മേൽ സർക്കാർ ഉത്തരവ് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. ബൈലോകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും നഗരകാര്യ ഡയറക്ടറിൽ നിന്നുള്ള അംഗീകാരം വാങ്ങിയിട്ടില്ല. നഗരസഭാ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തുകയാണ് ചെയ്യുന്നത്.

2. ടൗൺഹാൾ – ബൈലോ

ഗുരുവായൂർ നഗരസഭ ഇന്ദിരാഗാന്ധി ടൗൺഹാൾ, ഡൈനിംഗ് ഹാൾ, തൈക്കാട് രാജീവ് ഗാന്ധി കമ്മ്യൂണിറ്റി ഹാൾ എന്നിവയ്ക്ക് ഒരു ബൈലോയും, പൂക്കോട് സാംസ്കാരികനിലയം, ഇ.കെ നാരായണൻ കോൺഫറൻസ് ഹാൾ എന്നിവയ്ക്ക് മറ്റൊരു ബൈലോയും തയ്യാറാക്കിയിട്ടുണ്ട്. ബൈലോകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. ക്ഷേത്രപ്രവേശന സത്യാഗ്രഹസ്മാരക ഓപ്പൺ സ്റ്റേജ് ബുക്കിംഗ് ബൈലോയ്ക്കും നഗരസഭാ കൗൺസിൽ അംഗീകാരം മാത്രമേയുള്ളൂ.

3. ക്രിമറ്റോറിയം -ബൈലോ

ക്രിമറ്റോറിയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (നം.7 തീയതി 21.01.2022) ക്ക് മറുപടി നല്കിയിട്ടില്ല. ശ്മശാന നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. ശ്മശാന നടത്തിപ്പ് അംഗീകരിക്കപ്പെട്ട ബൈലോയുടെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 കടമുറി കൈമാറ്റം- ക്രമപ്രകാരമല്ല

നഗരസഭ കൗൺസിൽ മിനിറ്റ്സിൽ താഴെ കൊടുത്തിരിക്കുന്ന രണ്ട് തീരുമാനങ്ങളും നഗരസഭയ്ക്ക് നഷ്ടം വരുത്തുന്നവയാണ്.

1) 14.10.2019 ലെ തീരുമാനം നം.8 (R3 20170/18) പ്രകാരം മിനി മാർക്കറ്റ് കെട്ടിടത്തിലെ 3-ാം നമ്പർ മുറി വാടകയ്ക്ക് എടുത്തിരുന്ന ശ്രീ. ടി.ജി. ലോഹിതാക്ഷന്റെ അപേക്ഷപ്രകാരം ടി കടമുറി ടിയാനെ സഹായിക്കുന്ന ശ്രീ. ബാബർ ഖാന് കൈമാറ്റം ചെയ്യുന്നതിന് തീരുമാനിച്ചു.

2) 26.05.2020 ലെ തീരുമാനം നം.34 (R3 2223/20) പ്രകാരം നഗരസഭ റസ്റ്റ് ഹൗസ് ബിൽഡിംഗിലെ 5-ാം നമ്പർ മുറിയുടെ ലൈസൻസിയായ ശ്രീ.കെ.പ്രകാശൻ എന്നവരുടെ ശാരീരിക സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ശ്രീ.പി.എം.ഭരതൻ എന്നവർക്ക് മുറി കൈമാറുന്നതിന് തീരുമാനിച്ചു.

ലൈസൻസിക്ക് കടമുറി ആവശ്യമില്ലാത്ത സാഹചര്യത്തിൽ ആയത് തിരികെ നഗരസഭയെ ഏൽപ്പിക്കുകയും നഗരസഭ യഥോചിതം ലേല നടപടിയിലൂടെ അടുത്ത ലൈസൻസിയെ കണ്ടെത്തുകയും ചെയ്യുന്നതാണ് ശരിയായ നടപടിക്രമം. ഇപ്പോൾ നടന്നിട്ടുള്ള കടമുറി കൈമാറ്റം ക്രമ പ്രകാരമല്ല. പ്രസ്തുത കടമുറി കൈമാറ്റ കാര്യത്തിൽ വിശദീകരണം നൽകേണ്ടതും ആയത് ആവർത്തിക്കരുതാത്തതുമാണ്. കടമുറി ലൈസൻസ് വ്യവസ്ഥയിൽ നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

മുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2019-20 വർഷം ഒഴിഞ്ഞു കിടന്നിരുന്ന ബസ് സ്റ്റാൻഡ് കെട്ടിടം നം. 13 – അഗ്രികൾച്ചർ ഓഫീസ്, കുട്ടികൃഷ്ണൻ സ്മാരക കെട്ടിടത്തിലെ FF1, FF2 എന്നീ മുറികളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ബിൽഡിംഗ് പെർമ്മിറ്റ് - അപാകതകൾ

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ 2020, 24.09.2020 പ്രാബല്യത്തിൽ ഭേദഗതി ചെയ്തിട്ടുണ്ട്. ബിൽഡിംഗ് പെർമ്മിറ്റിന്റെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട (അപ്പൻഡിക്സ് L) സാക്ഷ്യപത്രം ലഭ്യമാക്കിയതായി ഫയലിലില്ല. 300$m^2$ ന് മുകളിലും 1000$m^2$ താഴെയുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് കെട്ടിട ഉടമ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട് / എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ അപ്രകാരം ഉറപ്പാക്കിയതായി കാണുന്നില്ല.

1. BA /172/2019-20 – E2-20288/19 – ശ്രീമതി ധന്യ -399.81$m^2$ വിസ്തീർണ്ണം

2. BA /188/2019-20 – E2/150/20- വിജയ ഉണ്ണികൃഷ്ണൻ -1934.67$m^2$ വിസ്തീർണ്ണം

3. BA /216/2019-20 – E2/2574/20- മനോജ് പൗലോസ് -541.14$m^2$ വിസ്തീർണ്ണം

കെട്ടിടനിർമ്മാണ പെർമ്മിറ്റ് നല്കുമ്പോൾ ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ ഉറപ്പാക്കേണ്ടതാണ്,

## 1-20 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.

ഗുരുവായൂർ നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കുന്നില്ല. ഇതുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/31-1-22) ലഭ്യമാക്കിയ മറുപടി പ്രകാരം ആയത് രൂപീകരിച്ചിട്ടില്ലായെന്നും പെൻഷൻ കോൺട്രിബ്യൂഷൻ തുക അക്കൗണ്ടിലേക്ക് അടവാക്കുന്നില്ലായെന്നും, ടി പെൻഷൻ ഫണ്ടിൽ നിന്ന് പെൻഷൻ കൊടുക്കുന്നതിനുള്ള തുക ലഭ്യമാകുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്. 1997 ലെ കേരള മുൻസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ എച്ച് 7 പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭാവിയിൽ തനത് ഫണ്ടിൽ നിന്ന് കൂടുതൽ തുക ടി ഇനത്തിൽ ചെലവ് വരുന്നതിനിടയാക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-21 സംയുക്ത പരിശോധന എത്രയും വേഗം പൂർത്തിയാക്കണം

നഗരസഭയിൽ നിലവിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തൻവർഷത്തിൽ തുക അടവാക്കിയത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 2019-20വർഷത്തിൽ 31,25,226രൂപ പലിശ സഹിതം കുടിശ്ശികയായതായി കാണുന്നു. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നിലവിലുള്ള ടാപ്പുകൾക്ക് മാത്രമാണോ കരം അടവാക്കുന്നതെന്നും, പൊതുടാപ്പുകളിൽ ആവശ്യത്തിന് വെള്ളം ലഭ്യമാകുന്നുണ്ടോയെന്നും അറിയുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.22/25-1-22) ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയിൽ നിന്ന് മുൻ കാലങ്ങളിൽ യഥാസമയം ബിൽ ലഭ്യമാകാത്തതിനാൽ ആ സമയത്തെ കുടിശ്ശിക ചേർത്താണ് ബിൽ ഡിമാന്റ് ചെയ്യുന്നതെന്നും കുടിശ്ശിക ഒഴിവാക്കി തൻ മാസത്തെ ഡിമാന്റ് തുക മാത്രമാണ് അടവാക്കി വരുന്നതെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് സംയുക്ത പരിശോധന എത്രയും വേഗം പൂർത്തിയാക്കേണ്ടതും ഉപയോഗശൂന്യമായി കണ്ടെത്തുന്ന ടാപ്പുകളുടെ കരം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വെള്ളക്കരം യഥാസമയം അടവാക്കാത്തത് ഭീമമായ കുടിശ്ശിക വരാനിടയാക്കുവാനും തുടർന്ന് തീർപ്പാക്കുന്ന സമയത്ത് തനത് ഫണ്ടിൽ നിന്ന് ഭാവിയിൽ വലിയ തുകക്കുള്ള ബാദ്ധ്യത വരുത്തുകയും ചെയ്യും ആയതിനാൽ 13/9/13 തിയ്യതിയിലെ സ.ഉ.(ആർ.ടി.)2334/13 ത.സ്വ.ഭ.വ, 10/1/96 തിയ്യതിയിലെ സർക്കുലർ നമ്പർ 44485/B-3/ ത.സ്വ.ഭ.വ പ്രകാരമുള്ള നടപടികൾ പാലിച്ച് വൻ തുകയുടെ കുടിശ്ശിക ഡിമാന്റ് വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-22 സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല.

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം നഗര സഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റലവൻസുകളും അതാത് മാസം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. എന്നാൽ ഗുരുവായൂർ നഗരസഭയിൽ അപ്രകാരം അടവാക്കുന്നില്ലെന്ന് പരിശോധനയിൽ കാണപ്പെട്ടു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/24.01.2022) ലഭ്യമാക്കിയ മറുപടി പ്രകാരം നഗര സഭാ സെക്രട്ടറിക്ക് 2018 വരെ നൽകിയ ശമ്പളവും മറ്റലവൻസുകളും ട്രഷറിയിൽ അടവാക്കിയിട്ടുള്ളതാണെന്നും, പ്രളയവും, കോവിഡും മൂലമുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് കാരണം തുടർന്ന് അടവാക്കിയിട്ടില്ലെന്നും മനസ്സിലാക്കുന്നു. നഗര സഭാ സെക്രട്ടറി മുനിസിപ്പാലിറ്റി ജീവനക്കാരനല്ലാത്തതിനാൽ സേവനത്തിന് പ്രതിഫലം നൽകണമെന്നുള്ള വ്യവസ്ഥയുള്ളതിനാൽ ശമ്പളവും മറ്റലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് മുടക്കം വരാതെ അടവാക്കേണ്ടതാണ്.

## 1-23 സ്യൂട്ട് റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

നഗരസഭയിൽ തൻ വർഷത്തിൽ വിവിധ കേസുകളിലായി വക്കീൽ ഫീസിനത്തിൽ (244050) രണ്ട് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി അൻപത് രൂപ നൽകിയിട്ടുണ്ട് എന്നാൽ ടി വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്തി കാണുന്നില്ല. കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച സുപ്രധാന രേഖയായതിനാൽ കേസിന്റെ സീരിയൽ നമ്പർ, ഫയൽനമ്പർ, സ്യൂട്ട് നമ്പർ, കോടതി, അഡ്വക്കേറ്റിന്റെ വിവരങ്ങൾ, കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ വിവരങ്ങൾ ഫീസ് നൽകിയതിന്റെ വിവരങ്ങൾ, ഫീസ് നൽകിയതിൽ നിന്ന് ഈടാക്കിയ ആദായ നികുതി വിവരങ്ങൾ, തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-24 വാഹന പരിപാലനം അപാകതകൾ

നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന കെ.എൽ.46.എൻ-5603 ബൊലേറോ ജീപ്പ്, കെ.എൽ 46-ആർ- 4645 ഇന്നോവ ക്രിസ്റ്റ, കെ.എൽ.46 എഫ് 2912 സിഫ്റ്റ് കാർ, കെ.എൽ46 വി 6033 ബൊലേറോ ജീപ്പ്, എന്നിവയുടെ ലോഗ് ബുക്ക് റിപ്പയർ റജിസ്റ്റർ, ഫ്യുവൽ റജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ലോഗ് ബുക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഇന്ധനം നിറക്കുന്നത് ഫുൾ ടാങ്ക് കപ്പാസിറ്റിയിലല്ല.

3)ഇന്ധന ക്ഷമതാ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, ആയതിനാൽ അത് പ്രകാരമുള്ള ഇന്ധനക്ഷമത വാഹനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4) വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തവും, വാഹനത്തിൽ ഇന്ധനം നിറക്കുന്നതും ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ 2/8/08 തിയ്യതിയിലെ നമ്പർ 41/2008/ധനം സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

5) മുനിസിപാലിറ്റി ചട്ടം 4 പ്രകാരം വാഹനങ്ങളുടെ വരവ് ചെലവ് സംബന്ധിച്ച റിപ്പോർട്ട് ഓരോ അർദ്ധ വർഷത്തിലും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ആയത് നൽകിയതായി കാണുന്നില്ല.

വാഹന പരിപാലനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്താണ് .

ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

വാഹനത്തിന്റെ ഉപയോഗത്തെക്കുറിച്ച് ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-25 അംഗൻവാടികളുടെ പ്രവർത്തനം - അവലോകനം.

ഗുരുവായൂർ നഗരസഭയിൽ നിലവിൽ അറുപത്തിനാല് അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ സ്വന്തമായി കെട്ടിടമുള്ളത് അൻപത്തിനാലെണ്ണത്തിനാണ്, വാടക കെട്ടിടത്തിൽ ഏഴെണ്ണം പ്രവർത്തിക്കുന്നു. മൂന്നെണ്ണം വാടക രഹിത കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. നാൽപ്പത്തിയഞ്ചെണ്ണത്തിന് ചുറ്റുമതിലുള്ളപ്പോൾ എല്ലായിടത്തും ധാന്യസംഭരണിയും, എൽ.പി.ജി കണക്ഷനുമുണ്ട്. വാട്ടർ കണക്ഷനുള്ളത് കേവലം രണ്ടെണ്ണത്തിനാണ് ബാക്കിയെല്ലായിടത്തും കിണർ വെള്ളം ഉപയോഗിക്കുന്നു. വൈദ്യുതീകരിക്കാത്ത ഒരു അംഗൻവാടിയുമുണ്ട്.

പോഷകാഹാരവിതരണം ഫലപ്രദമാണെന്ന് വിലയിരുത്തുന്നതിനായി എല്ലായിടത്തും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങൾ കൂടാറുണ്ടെന്നത് സ്വാഗതാർഹമാണെങ്കിലും, ബേബി ഫ്രണ്ട്‌ലിയായ ഒരു അംഗൻവാടി പോലുമില്ലെന്നത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു. ടി അപാകത എത്രയും വേഗം പരിഹരിക്കേണ്ടതാണ്. കൂടാതെ

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവക്ക് സ്വന്തം സ്ഥലം കണ്ടെത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിവരങ്ങൾ താഴെ ചേർക്കുന്നു.

ഖണ്ഡിക. 1-26

| പദ്ധതി നം. | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക | ട്രഷറി ബിൽ നം. തുക |
|---|---|---|---|---|
| 23/20 | വിജ്ഞാൻ സാഗറിന് വിഹിതം നൽകൽ | സെക്രട്ടറി. | 5,00,000/- | 7/ 24.05.19 |
| 24/20 | സുശാന്തം | സെക്രട്ടറി. | 1,00,000/- | 5/ 24.05.19 |
| 58/20 | എ.ബി.സി പ്രോഗ്രാം | സെക്രട്ടറി. | 4,20,000/- | 14/ 23.07.19 |

## 1-27 സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം

14/2/18 തിയ്യതിയിലെ സ.ഉ.(കൈ) നമ്പർ 22/18 ത.സ്വ.ഭ.വ. മാർഗ്ഗരേഖ പ്രകാരം പതിമൂന്നാം പദ്ധതിയിൽ കായിക രംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ സജീവമായി ഇടപെടേണ്ടതിന്റെ ആവശ്യകത ഊന്നി പറയുന്നുണ്ട്. ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം ഉറപ്പ് വരുത്താനും ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാനും ഇത് ആവശ്യമാണ്. എന്നാൽ കായിക വിനോദങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതികൾ ഒന്നും തന്നെ തൻ വർഷത്തിൽ ആസൂത്രണം ചെയ്തിട്ടില്ലായെന്ന് കാണുന്നു. നടപ്പ് വർഷത്തിൽ വിഭാവനം ചെയ്ത നം.167/19-20 കളിസ്ഥലം വിപുലീകരണം സ്ഥലം വാങ്ങൽ പദ്ധതിക്കായി 1,64,61,00രൂപ വകയിരുത്തിയെങ്കിലും നടപ്പിലാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/27-1-22)ലഭ്യമാക്കിയ മറുപടി പ്രകാരം അമൃത് പദ്ധതി പ്രകാരം വിവിധ കളിക്കളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നതിലാണ് ടി പദ്ധതി നടപ്പാക്കാതെ ഉപേക്ഷിച്ചതെന്നാണ്. ജനസാന്ദ്രതയേറിയ നഗര പ്രദേശമായതിനാൽ ഭൂമിയുടെ ലഭ്യത കുറവ് വിശാലമായ കളിക്കളങ്ങൾ നിർമിക്കുന്നത് അപ്രായോഗികമാക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള കളിക്കളങ്ങൾ നവീകരിക്കുന്നതാണ് കരണീയം, എന്നിരുന്നാലും ചെറിയ ടർഫുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ മുതലായവ നിർമിക്കുന്നതിന് സാദ്ധ്യത കാണുന്നു. ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ്, സ്കൂൾ കുട്ടികൾക്ക് അത്‌ലറ്റിക്സ് പരിശീലനം തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. കേരളത്തിലെ നഗരസഭകളിൽ ഏറ്റവും പ്രശസ്തമായ ഗുരുവായൂർ നഗരസഭയിൽ സ്വന്തമായി ഒരു മിനി സ്റ്റേഡിയം ഇല്ലായെന്നത് ഒരു പോരായ്മയാണ്. ആയതിനാൽ സ്പോർട്സ് കൗൺസിൽ എത്രയും വേഗം രൂപീകരിച്ച് കളിക്കളങ്ങളിലേക്ക് വ്യായാമത്തിനും, ഉല്ലാസത്തിനുമായി പൊതുജനങ്ങൾ വരുന്ന സാഹചര്യം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 ഉപയോഗ ശൂന്യമായ കസേരകൾ കയ്യൊഴിക്കണം.

നഗരസഭയുടെ ടൗൺ ഹാൾ നവീകരണവുമായി ബന്ധപ്പെട്ട് താഴത്തെ നിലയിൽ നിന്ന് പൊളിച്ച് മാറ്റിയ മുന്നൂറ്റിയൻപതോളം വരുന്ന കസേരകൾ ടൗൺഹാളിന്റെ മുകളിൽ അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്നതായി കാണുന്നു. വർഷങ്ങളായി മഴയും, വെയിലുമേറ്റ് ടി കസേരകൾ ഉപയോഗശൂന്യമായ നിലയിലാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/24-1-22)ലഭ്യമാക്കിയ മറുപടി പ്രകാരം പൊളിച്ച് മാറ്റിയ കസേരകളിൽ ഉപയോഗയോഗ്യമായവ നഗരസഭക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും പ്രൈവറ്റ് ബസ്സ്സ്റ്റാൻഡിലും ഉപയോഗിച്ച് വരുന്നുണ്ടെന്നറിയിച്ചിട്ടുണ്ട്. കസേരകൾ അലക്ഷ്യമായി വർഷങ്ങളോളം കൈവശം വെച്ചതിനാൽ നിറം മങ്ങുകയും തുരുമ്പ് പിടിക്കുകയും ചെയ്ത നിലയിലാണ്. 2000ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾക്ക് വിധേയമായി ശേഷിക്കുന്ന കസേരകൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-29 ടൗൺ ഹാളിൽ ഇൻസിനറേറ്റർ സ്ഥാപിച്ച നടപടി അനഭിലഷണീയം.

പദ്ധതി നമ്പർ-208/20

സാനിറ്ററി നാപ്കിൻ സംസ്കരിക്കുന്നതിന് ഇൻസിനറേറ്റർ

അടങ്കൽ-8,00,000

ചെലവ് - 8,00,000

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ട്രഷറി ബിൽ നം 18/23-1-20

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1)നഗരസഭയിലെ പൊതു സ്ഥലങ്ങളിൽ നിന്നും, സ്വകാര്യ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങളിലെ സാനിറ്ററി നാപ്കിൻ/ഡയപ്പറുകൾ എന്നിവ സംസ്കരിക്കുന്നതിന് ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി കരാർ വെച്ച കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻ്റർപ്രൈസ്, പാലക്കാട് എന്ന സ്ഥാപനം നഗരസഭാ ടൗൺ ഹാൾ പരിസരത്ത് ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ടി ഇൻസിനറേറ്ററിന്റെ പ്രൊഡക്റ്റ് സ്പെസിഫിക്കേഷൻ പ്രകാരം ഇൻസിനറേറ്ററിന്റെ പുക കുഴലിന് 60 അടി പൊക്കമാണുള്ളത് ജനസാന്ദ്രതയേറിയ നഗരപ്രദേശത്ത് ഇത്തരത്തിൽ ഉയരം കുറഞ്ഞ പുക കുഴലുള്ള ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും, സാംസ്കാരിക പരിപാടികളും, ഭക്ഷണ വിതരണമുൾപ്പടെയുള്ള വിവാഹം മുതലായ ചടങ്ങുകളും നടത്തുന്ന സ്ഥലത്ത് ഇത്തരത്തിൽ മാലിന്യം സംഭരിച്ച് കത്തിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെയും അനുമതി ആവശ്യമുണ്ട്. എന്നാൽ ടി അനുമതി ലഭ്യമായിട്ടില്ലായെന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11 /24-1-22) ലഭ്യമാക്കിയ മറുപടിയിൽ നിന്ന് വ്യക്തമാകുന്നത്. മാത്രമല്ല സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്ററിന്റെ പുക കുഴലിന് 60 അടി ഉയരം പോലുമില്ലെന്ന് നേരിട്ടുള്ള പരിശോധനയിൽ മനസിലാക്കുന്നു, ആയതിനാൽ പ്രൊഡക്റ്റ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉൽപ്പന്നം തന്നെയാണോ വിതരണം ചെയ്തതെന്ന് വ്യക്തമല്ല. ടൗൺ ഹാൾ വാടകക്ക് നൽകുന്നതിനുള്ള ബൈലോ ഖണ്ഡിക (എച്ച്)ൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ള നഗരസഭ തന്നെ ആയതിന് വിരുദ്ധമായി ടൗൺ ഹാൾ പരിസരത്ത് മാലിന്യം സംഭരിക്കുന്നത് ഉചിതമല്ല. ഈ സാഹചര്യത്തിൽ നഗരസഭയിൽ നിലവിലുള്ള ബയോപാർക്ക് എന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതാണ് അഭിലഷണീയം എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-30 അടിപ്പാതക്ക് സെന്റേജ് ചാർജ്ജ് നൽകൽ - അപാകതകൾ

ഗുരുവായൂർ റെയിൽവേ സ്റ്റേഷൻ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പ്ലാറ്റ് ഫോമുകളുടെ നീളം വർദ്ധിപ്പിക്കുകയും തൻമൂലം നഗരസഭയിൽപ്പെട്ട തിരുവെങ്കിടം എന്ന സ്ഥലത്തേക്കുള്ള റോഡ് അടച്ചതുവഴിയുണ്ടായ യാത്രാക്ലേശം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്ത റെയിൽ അടിപ്പാത നിർമ്മിക്കുന്നതിനായി വരുന്ന ചെലവ്, എസ്റ്റിമേറ്റ് തുകയുടെ സെന്റേജ് ചാർജിനത്തിൽ റെയിൽവേക്ക് തുക അടവാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ടി പദ്ധതിക്കായി നാല് കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ സെന്റേജ് ചാർജായ 8,12,000 രൂപ, 18/8/17ലെ ഡബ്ല്യു-35-എൽ1സി/ഇ.ആർ.എസ്./എൽ.സി./15.ബി പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് സീനിയർ അസിസ്റ്റന്റ് ഫിനാൻഷ്യൽ അഡ്വൈസർ ദക്ഷിണ റെയിൽവേക്ക് സർക്കാർ ഉത്തരവ് (സാ.ധാ)നം. 1256/2019/ ത.സ്വ.ഭ.വ ക്ക് വിധേയമായി വൗച്ചർ നം. 49/10 തിയ്യതി 9/10/19 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ടി തുകക്കുള്ള റസീറ്റ് ലഭ്യമായതായി കാണുന്നില്ല.

2) റെയിൽവേയുമായി അടിപ്പാത നിർമ്മാണത്തിന്റെ വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ടുള്ള കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. തന്മൂലം ഏതെങ്കിലും കാരണവശാൽ പദ്ധതി നടപ്പാക്കാതെ വന്നാൽ അടവാക്കിയ തുക തിരികെ ലഭിക്കുമെന്നതിന് യാതൊരു ഉറപ്പുമില്ലാത്ത സ്ഥിതിയുണ്ട്.

3)പദ്ധതിക്ക് വേണ്ടുന്ന ചെലവ് (നാല് കോടി രൂപ)പൂർണ്ണമായും നഗരസഭ വഹിക്കേണ്ടതായത് കൊണ്ടും എന്നാൽ തനത് ഫണ്ടിൽ നിന്ന് ഇത്രയും തുക കണ്ടെത്തുക അസാധ്യമായതിനാലും 28/2/19 തിയ്യതിയിലെ കൗൺസിൽ തീരുമാന പ്രകാരം എം.പി ഫണ്ട്, എംഎൽ.എ ഫണ്ട് മുതലാവ ലഭ്യമാക്കുന്നതിനും, അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഗുരുവായൂർ ദേവസ്വം ഉടമസ്ഥതയിലുള്ള സ്ഥലം ആവശ്യമായതിനാൽ ആയതിലേക്കായി ദേവസ്വം അധികാരികൾക്ക് കത്ത് നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. തുക കൈമാറി രണ്ട് വർഷം കഴിഞ്ഞിട്ടും മേൽ സംഗതികളിൽ യാതൊരു വിധത്തിലുള്ള തുടർ പ്രവർത്തനങ്ങളും നടക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/28-1-22) ലഭ്യമാക്കിയ മറുപടി പ്രകാരം സെന്റേജ് ചാർജ് അടവാക്കിയാൽ മാത്രമേ റെയിൽവേ എസ്റ്റിമേറ്റ് ലഭ്യമാക്കുകയുള്ളൂവെന്നും, തുടർ പ്രവർത്തനങ്ങൾ നഗരസഭയുടെ ചുമതലയിലല്ലായെന്നും, പദ്ധതിക്കായി സംസ്ഥാന

സർക്കാരിന്റെ 2021-22 വർഷത്തെ ബഡ്ജറ്റിൽ 3.5 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്.

4)റെയിൽവേ സ്റ്റേഷൻ വികസന പ്രവർത്തനങ്ങളുടെ പണികൾ ആരംഭിക്കുന്നതിന് മുൻപ് ഇത്തരം പ്രവർത്തനങ്ങൾ നടത്തിയിരുന്നെങ്കിൽ ചെലവ് തുക ഗണ്യമായി കുറയുമായിരുന്നുവെന്നും ദേവസത്തിൽ നിന്ന് അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലം വിട്ട് കിട്ടാത്ത സാഹചര്യത്തിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ സ്വീകരിച്ചിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു. വകുപ്പുകളുടെ ഏകോപന കുറവും ഒരു കാരണമാണ്. പദ്ധതി വൈകും തോറും എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവ് വരുന്നതിനു സാദ്ധ്യതയുണ്ട്, ആയതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുകയും റോഡ് നിർമ്മാണത്തിനുള്ള ഭൂമിയും എത്രയും വേഗം ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ഗ്രോബാഗ് വിതരണം - വിതരണ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

പ്രോജക്ട് നം.S0032/20. ഗ്രോബാഗ് വിതരണം.

ട്രഷറി ബിൽ നമ്പർ -7/2019-20.dtd. 23.1.20. 319500/ -

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഫീൽഡ് ഓഫീസർ

മേൽ പ്രോജക്ടിൽ ആകെ ഗുണഭോക്താക്കളുടെ എണ്ണം, അപേക്ഷകളും അനുബന്ധ രേഖകളും, കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രശീത്, വിതരണ വിവരങ്ങൾ ഗ്രോ ബാഗ് വാങ്ങിയ സ്ഥാപനത്തിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ, തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രശീത് എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന വിശദാംശങ്ങൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 319500/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 വളം വാങ്ങിയതിന്റെ ഇൻവോയ്സ് ഹാജരാക്കാതെ സബ്സിഡി തുക നല്കി.

പ്രോജക്ട് നം.S0031/20 സമഗ്ര തെങ്ങുകൃഷി വികസനം.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ.

ട്രഷറി ബിൽ നം.39/19-20, Dtd.31.3.20. 86460/-

മേൽ പ്രോജക്ടിൽ വിവിധ ഗുണഭോക്തക്കൾക്ക് വളം വാങ്ങിയതിന് സബ്സിഡി തുക ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്തക്കൾ അപേക്ഷകളും അനുബന്ധ രേഖകളോടൊപ്പം വളം വാങ്ങിയ സ്ഥാപനത്തിന്റെ ഇൻവോയ്സ് കൂടെ ഹാജരാക്കേണ്ടതാണ്. ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി ഫീൽഡ് ഓഫീസർ സബ്സിഡി അനുവദിക്കുകയാണ്. വി.എ.ഗോപാലൻ എന്നയാൾക്ക് 3960/ - രൂപ സബ്സിഡി ഇനത്തിൽ നല്കിയിട്ടുണ്ട്. എന്നാൽ ടിയാൻ വളം വാങ്ങിയതിന്റെ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

ട്രഷറി ബിൽ നം.40/19 -20.dtd.31.3.20. 127236/ -

മേൽ ട്രഷറി ബിൽ പ്രകാരം പിൻവലിച്ച തുകയിൽ സബ്സിഡി തുക വിവിധ ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കൾ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | സബ്സിഡി | ബിൽ നം./തിയതി/തുക |
|---|---|---|
| ടി.കെ ശ്രീനിവാസൻ | 9109/ - | 40/19-20, Dtd.31.03.20 |
| ജോസ് | 924/ | 40/19-20, Dtd.31.03.20 |
| ജിജോ മാത്യു | 13200/ | 127236/- |
| വർഗ്ഗീസ്.പി.എ. | 1056/- | 127236/- |
| ലൂയീസ്.വി.എൽ. | 4950/- | |
| വി.എൻ. ഗോപാലൻ | 3960 | 39/19-20, Dtd.31.03.20, 86460/- |
| ആകെ | 33199 | |

ഇൻവോയ്സ് പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷമേ തുക ബന്ധപ്പെട്ടവരുടെ അക്കൗണ്ടുകളിലേക്ക് നല്കാൻ പാടുള്ളു. യഥാർത്ഥ ഇൻവോയ്സിന്റെ അഭാവത്തിൽ 33199/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 അമൃത് പദ്ധതി

നഗരസഭയുടെ വികസനത്തിനായി കേന്ദ്ര-സംസ്ഥാനസർക്കാർ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ്. 50% കേന്ദ്രഫണ്ട്, 30% സംസ്ഥാനഫണ്ട് 20% നഗരസഭാവിഹിതം എന്നിങ്ങനെയാണ് പദ്ധതിയുടെ ഫണ്ട് വിഹിതം.

ഗുരുവായൂർ നഗരസഭയിൽ അമൃത് പദ്ധതിയിൻ കീഴിൽ 5 പ്രോജക്ടുകളാണ് നടപ്പാക്കുന്നത്.

1. Storm Water Drainage ---13.85 കോടി

2.Green Space And Park --- 5.5കോടി

3.Urban Transportation ---- 33.57കോടി

4.Water Supply ----- 151.7കോടി

5.Sewerage –Construction Of Septage Treatment Plant --- 4.50കോടി

ആകെ 209.12കോടിയുടെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്.

19-20 ഓഡിറ്റ് കാലയളവിൽ ആകെ ₹ 47,42,40,114 രൂപ വരവും ₹33,73,15,818--ചെലവുമുണ്ട്. ആകെ 10 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. (നഗരസഭ അടവാക്കിയ വിഹിതം 29,46,37,205 )

അമൃത് പദ്ധതിയുടെ ഭാഗമായി പണി പൂർത്തിയാക്കിയ പ്രവൃത്തികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) നടപ്പാതകൾ പണികഴിപ്പിച്ചിരിക്കുന്നത് റോഡിന്റെ വീതിക്ക് ആനുപാതികമായിട്ടല്ല. പല സ്ഥലങ്ങളിലും റോഡിനും, നടപ്പാതക്കും ഏതാണ്ട് തുല്യ വീതിയുള്ളതായി കാണുന്നു ഉദാ. വടക്കേ ഇന്നർ റിങ്ങ് റോഡ്. നടപ്പാതകൾക്ക് ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് റഗുലേഷൻ പ്രകാരമുള്ള വീതി നിഷ്കർഷിച്ചിട്ടുണ്ടെന്നും, നടപ്പാതകൾ എന്നത് പ്രധാനമായും കാൽനടക്കാർക്ക് ഉപയോഗിക്കാനുള്ളതാണെന്നും, അംഗീകാരമുള്ള കൺസൾട്ടൻസി തയ്യാറാക്കിയ ഡി.പി.ആർ-ന് കൗൺസിൽ അംഗീകാരമുണ്ടെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്, നടപ്പാതകളുടെ വീതി കൂടുതൽ കാരണം ഇരുവശത്തേക്കുമുള്ള വാഹന ഗതാഗതം സുഗമമല്ല, ഭാവിയിൽ റോഡ് വികസനം വേണ്ടി വരുമ്പോൾ നടപ്പാതകൾ പ്രതിസന്ധി സൃഷ്ടിക്കാനുള്ള സാദ്ധ്യതയുണ്ട്.

2) നടപ്പാതകൾ പണിതപ്പോൾ റോഡിൽ കെ.എസ്.ഇ.ബി സ്ഥാപിച്ചിരിക്കുന്ന ട്രാൻസഫോർമറുകളും മറ്റ് ഇലക്ട്രിക്ക് പോസ്റ്റുകളും റോഡിന്റെ മധ്യഭാഗത്തായി കാണുന്നു. ഉദാ.തെക്കേ ഔട്ടർ റിങ്ങ് റോഡ് പോലീസ് സ്റ്റേഷൻ റോഡ് ജംഗ്ഷൻ. ഇത് നിലവിലെ റോഡിന്റെ വീതി ഗതാഗതത്തിന് പ്രയോജനപ്പെടുത്തുന്നതിന് വിഘാതം സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ടി സ്ഥലം വഴി വാണിഭക്കാർ അനധികൃതമായി കയ്യടക്കുന്നതിനും സാദ്ധ്യത കാണുന്നു. പ്രസ്തുത നിർമ്മിതികൾ പുതിയ നിർമിതികളാണെന്ന് മനസ്സിലാക്കുന്നു, വകുപ്പുകൾ തമ്മിലുള്ള ഏകോപനകുറവ് മൂലമാണ് ടി അപാകത സംഭവിച്ചതെന്ന് നിരീക്ഷിക്കുന്നു.

3) അനുദിനം വർദ്ധിച്ചു വരുന്ന തീർഥാടകരെ ഉൾക്കൊള്ളാനാകാതെ വീർപ്പുമുട്ടുന്ന ഗുരുവായൂർ നഗരത്തിലെ റോഡുകളിലെ ഏതൊരു നിർമ്മാണ പ്രവർത്തിയും അടുത്ത അമ്പത് വർഷത്തെ വികസനം മുന്നിൽ കണ്ടുകൊണ്ടായിരിക്കണം, എന്നാൽ പടിഞ്ഞാറേ നട ജംഗ്ഷനിലും, അവിടെ നിന്ന് വടക്ക്, തെക്ക് ഭാഗത്തേക്ക് പോകുന്ന റോഡുകളിലും നടപ്പാതകളുടെ നിർമ്മിതി ഗുരുവായൂരിന്റെ ഭാവി വികസനത്തെ പ്രതികൂലമായി ബാധിക്കുന്നതിനുള്ള സാധ്യതയുണ്ട്.

4)റോഡുകളിൽ ടാറിങ്ങ് പ്രവർത്തികൾ നടത്തുന്നതിന് മുൻപായി നടപ്പാതകളുടെ വശങ്ങളിൽ പെയിന്റിങ്ങ് പ്രവർത്തികൾ നടത്തിയതിനാൽ. ടാറിങ്ങ് കഴിഞ്ഞാൽ ടി പ്രവർത്തികൾ ആവർത്തിക്കേണ്ടി വരുകയും ചെലവഴിച്ച തുക വൃഥാവിലാകുകയും ചെയ്യും.

5)4.5 കോടി രൂപ വകയിരുത്തിയിട്ടുള്ള Sewerage –Construction Of Septage Treatment Plant നിർമ്മാണം നാളിതുവരെയായി ആരംഭിച്ചിട്ടില്ലാത്തതാണ്. നൂറ് കണക്കിന് ലോഡ്ജുകളും, ഹോട്ടലുകളും മറ്റ് വാണിജ്യ സ്ഥാപനങ്ങളും ഉള്ള ഗുരുവായൂർ നഗരസഭ നേരിടുന്ന പ്രധാന പ്രശ്നമാണ് ഈ സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യം. ആയതിനാൽ ടി പ്രവർത്തിക്ക് മുൻഗണന നൽകേണ്ടതാണ്.

6) 5.5 കോടി രൂപ വകയിരുത്തിയിട്ടുള്ള Green Space And Park പദ്ധതി പ്രകാരം താഴെ പറയുന്ന സ്ഥലങ്ങളിൽ പാർക്കുകൾ പണികഴിപ്പിച്ചിട്ടുണ്ട്.

*ബ്രഹ്മക്കുളം

*ഭഗത് സിങ് ഗ്രൗണ്ട്.

*പൂക്കോട്

*ചൂൽപ്പുറം

ടി പാർക്കുകളെല്ലാം തന്നെ നഗരസഭയോട് കൂട്ടിചേർക്കപ്പെട്ട സമീപ പഞ്ചായത്തുകളിലാണ്. എന്നാൽ നഗരസഭയോട് ചേർന്ന് കിടക്കുന്നതും, ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലും പാർക്കുകൾ വിഭാവനം ചെയ്തിട്ടില്ലായെന്നത് പോരായ്മയാണ്. കോടികൾ മുതൽ മുടക്കി നടത്തുന്ന പദ്ധതികൾ ഭാവിയുടെ ആവശ്യങ്ങൾകൂടി നിവർത്തിക്കുന്നതായിരിക്കുന്ന തരത്തിലായിരിക്കണം വിഭാവനം ചെയ്യേണ്ടതെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-34 അമൃത് പദ്ധതി- ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ലിമിറ്റഡ് ( ULCCS Ltd.) നിർവഹിച്ചു വരുന്ന പ്രവൃത്തികൾ-അപാകതകൾ

ഓഡിറ്റ് എൻക്വയറി നം. 48/1.2.22

താഴെ ചേർക്കുന്നതു പ്രകാരം 8 പ്രവൃത്തികളാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമി. മുനിസിപ്പാലിറ്റിയിൽ നിർവഹിച്ചു വരുന്നത്.

| പ്രവൃത്തിയുടെ പേരു വിവരങ്ങൾ | അടങ്കൽ തുക (കോടിയിൽ) | കരാർ തിയ്യതി | പൂർത്തീകരണ തിയ്യതി |
|---|---|---|---|
| GVR 3 Package 1 A Drain With Footpath | 7.82 | 28-4-18 | 31-3-19 |
| GVR 23 Package 1 B Drain With Footpath | 4.81 | 11-5-18 | 31-3-19 |
| GVR 4 Footpath In 4 Locations In Temple Circle | 8.57 | 28-4-18 | 31-3-19 |
| GVR 10 & 17 Multilevel Parking Phase I & II | 25.0 | 28-12-18 | 31-3-20 |
| GVR 5 Play Ground – Bhagatsingh Ground | 1.0 | 11-5-18 | 31-3-19 |
| GVR 21 Play Ground At Pookkode | 0.350 | 11-5-18 | 31-3-19 |
| GVR 19 Development Of Chavakkad High School Ground | 1.67 | 11-5-18 | 31-3-19 |
| GVR 22 Development Of Park At Choolpuram | 0.28 | 11-5-18 | 31-3-19 |
| ആകെ | 49.5 | | |

മേൽ പ്രവൃത്തികൾ കരാർ പ്രകാരം പൂർത്തിയായിട്ടില്ലാത്തതും ഓഡിറ്റ് കാലയളവിലും തുടർന്നു വരുന്നതായും പരിശോധനയിൽ കണ്ടു. ഇക്കാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. സ.ഉ. (അ) 95/17 ധന. തി. 25-7-17 നിർദേശം 3-8 പ്രകാരം 5 കോടിക്ക് മുകളിൽ മൂല്യമുള്ള പ്രവൃത്തികളുടെ സാങ്കേതികാനുമതി ഗവൺമെന്റ് ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയാണ് നൽകേണ്ടത്. അക്രഡിറ്റഡ് ഏജൻസികളുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ സ.ഉ.(അ) 95 / 17 ധന. തി. 25-7-17 നിർദേശം 9-3 ഉം ഇക്കാര്യം ആവർത്തിക്കുന്നുണ്ട്. എന്നാൽ അമൃത് പദ്ധതിയിൻ കീഴിൽ മുനിസിപ്പാലിറ്റിയിൽ 5 കോടിക്ക് മുകളിൽ മൂല്യമുള്ള പ്രവൃത്തികളുടെ സാങ്കേതികാനുമതി തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയിട്ടുള്ളതായി കണ്ടു.

2. സ.ഉ. (അ) 95/17 ധന. തി. 25-7-17 നിർദേശം 3-3 പ്രകാരം വിവിധ അക്രഡിറ്റഡ് ഏജൻസികളുടെ സാങ്കേതികവൈദഗ്ദ്യം, സെന്റേജ് ചാർജ്ജ് എന്നീ കാര്യങ്ങൾ മത്സരാധിഷ്ഠിത ടെണ്ടർ മുഖേന വിലയിരുത്തിയാണ് ഒരു പ്രത്യേക ഏജൻസിക്ക് മരാമത്തു പ്രവൃത്തി ഏൽപ്പിച്ചു നൽകേണ്ടത്. 'മൾട്ടിലവൽ പാർക്കിങ് " ഒഴികെ മറ്റെല്ലാ പ്രവൃത്തികളുടെ കാര്യത്തിലും മത്സരാധിഷ്ഠിത ടെണ്ടർ കൂടാതെയാണ് ഇപ്പോൾ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമി. എന്ന സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളത്.

3. സ.ഉ. (അ) 95 /17 ധന. തി. 25-7-17, സ.ഉ. (അ) 122/17 ധന. തി. 18-9-17 എന്നിവയ്ക്കു വിധേയമായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമി. എന്ന സ്ഥാപനത്തിന് ഒരു സാമ്പത്തിക വർഷം ₹ 500- കോടി മൂല്യമുള്ള പ്രവൃത്തികളാണ് ഏറ്റെടുക്കുന്നതിനനുമതിയുള്ളത്. എന്നാൽ ULCCS Ltd. 2018-19 കാലയളവിൽ മേൽ രേഖപ്പെടുത്തിയ പട്ടിക പ്രകാരം ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ മാത്രം ₹ 49.5 കോടി മൂല്യമുള്ള പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

4. ഗുണഭോക്തൃസമിതികൾ മുഖേന പ്രവൃത്തി നിർവഹിക്കുന്ന സാഹചര്യത്തിൽ ഏർപ്പെടുന്നവേളയിലുള്ള നിശ്ചിത മാതൃകയിലാണ് ഇപ്പോൾ വിവിധ പ്രവൃത്തികൾക്കുള്ള കരാറുകൾ ചമച്ചിട്ടുള്ളത്.

5. അക്രഡിറ്റഡ് ഏജൻസികളുമായി ബന്ധപ്പെട്ട് കാലിക പ്രാധാന്യമുള്ള സ.ഉ. (അ) 95 / 17 ധന. തി. 25-7-17, സ.ഉ. (അ) 122 / 17 ധന. തി. 18-9-17, സ.ഉ. (അ) 311/14 ധന. തി. 30-7-14 എന്നീ ഉത്തരവുകളൊന്നും തന്നെ കരാറുകളിൽ

സൂചിപ്പിച്ചിട്ടില്ലാത്തതായി പരിശോധയിൽ കണ്ടു.

6. സ.ഉ. (അ) 87/17 ത.സ്വ ഭ.വ തി. 1-11-17 ധനകാര്യ വകുപ്പ് അഡി. സെക്രട്ടറി ത.സ്വ ഭ.വ ചീഫ് എഞ്ചിനീയർക്ക് നൽകിയ കത്ത് നം. Ind.PW 176/19 Fin തി. 22-10-19 എന്നിവ പ്രകാരം 30-6-17 ന മുമ്പ് കരാറിലേർപ്പെട്ട പ്രവൃത്തികൾക്കുള്ള 3.5% GST കോമ്പൻസേഷൻ അനുവദിക്കുന്നതിന് കരാർ വ്യവസ്ഥ 14 പ്രകാരം ബാധ്യതയേറ്റിരിക്കുന്നു.

7. സ.ഉ. (അ) 95 /17 ധന. തി. 25-7-17 വ്യവസ്ഥ 11 പ്രകാരം അക്രഡിറ്റഡ് ഏജൻസി NON PMC ആയി നേരിട്ട് പ്രവൃത്തി നിർവഹിക്കുന്ന സാഹചര്യത്തിൽ CP ക്ക് അർഹതയില്ല. എന്നാൽ 10% CP +5% OH നൽകിയാണ് ഇപ്പോൾ വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. വിവിധ പ്രവൃത്തികൾ പൂർത്തിയായിട്ടില്ലാത്ത സാഹചര്യത്തിൽ അളവുപുസ്തകങ്ങൾ പരിശോധനക്ക് ലഭ്യമായിരുന്നില്ല. എന്നാൽ ഫയലുകളുടെ പരിശോധനയിൽ CP നൽകിക്കാണുന്നില്ലെങ്കിലും OH 7.5 % നിരക്കിൽ നല്കുന്നതായി കണ്ടു. സ.ഉ. (കൈ) 74 /14 ത.സ്വ ഭ.വ തി. 7-5-14 പ്രകാരം OH 5% നിരക്കിൽ നല്കുന്നതിനാണ് അനുമതിയുള്ളത്. OH ഇനത്തിൽ 2.5% അധികം നൽകുന്നത് ഈടാക്കേണ്ടതാണ്.

8. സ.ഉ. (അ) 311/14 ധന. തി. 30-7-14 നിർദേശം പ്രകാരം കരാർ ഒപ്പിടുമ്പോൾ 20% തുടർന്നുള്ള 5 ഗഡുക്കൾ എസ്റ്റിമേറ്റ് തുകയുടെ 15% വീതം അവസാനത്തെ ഗഡു 5% ഡിഫക്റ്റ് ലയബിലിറ്റി കാലയളവിനു ശേഷം എന്നിങ്ങനെയാണ് നൽകേണ്ടത് എന്നാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമി. എന്ന സ്ഥാപനത്തിന് നൽകിയ എല്ലാ ഗഡുക്കളും 20% എന്ന നിരക്കിലാണെന്ന് കണ്ടു.

9. മേൽ പട്ടിക പ്രകാരമുള്ള എല്ലാ പ്രവൃത്തികളുടെയും പൂർത്തീകരണ കാലാവധി തീർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സപ്ലിമെന്ററി കരാറിലേർപ്പെട്ടിട്ടില്ലാത്തതായി ഫയൽ പരിശോധനയിൽ കണ്ടു. കാലവിളംബം വരുത്തുന്ന സാഹചര്യത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമി. എന്ന സ്ഥാപനത്തിൽ നിന്ന് നഷ്ടപരിഹാരം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകളൊന്നും നിലവിൽ അസ്സൽ കരാറിലുൾപ്പെടുത്തിയിട്ടില്ലായെന്നും പരിശോധനയിൽ കണ്ടു.

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതുമാണ്.

## 1-35 റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

( ഓഡിറ്റ് എൻക്വയറി നം. 16തിയ്യതി 25-1-22)

സ.ഉ. (എം.എസ്) 74/14 എൽ.എസ്.ജി.ഡി തി. 7-5-14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 പ്രൊജ.നം. 412/19-20 KSEB യിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

നി.ഉദ്യോഗസ്ഥൻ മുനിസിപ്പൽ എഞ്ചിനീയർ

അടങ്കൽ ₹ 54,96,213- ( ധനകാര്യകമ്മീഷൻ അവാർഡ് )

ഭരണാനുമതി 6/ 4-4-2018

വൗ. നം./തിയ്യതി 1. 36/19-20/12-2-20 ₹ 95,941-

2. 44/19-20/2-2-20 ₹13,59,695-

ഓഡിറ്റ് എൻക്വയറി 36 തി. 29-1-22

ഗുരുവായൂർ KSEB അസി.എക്സി.എഞ്ചിനീയർക്ക് താഴെ ചേർക്കുന്നതു പ്രകാരം ₹ 14,55,636- ഓഡിറ്റ് കാലയളവിൽ അടവാക്കിയിരുന്ന തുക നൽകിയകാര്യത്തിൽ കരാറിലേർപ്പെട്ടിട്ടില്ലാത്തതും KSEB അസി.എക്സി.എഞ്ചിനീയർ, ഗുരുവായൂർ എന്ന സ്ഥാപനത്തിൽ നിന്ന് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നും കണ്ടു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-37 പ്രൊജ.നം. 237/19-20 SC വ്യവസായ കെട്ടിട നിർമാണം-GST കോമ്പൻസേഷന് അർഹതയില്ല:

അടങ്കൽ ₹ 12,00,000 - ( വി.ഫ എസ്.സി.പി )

ഭരണാനുമതി 6/ 4-4-2018

സാങ്കേതികാനുമതി 19782 / 18-19തി. 24-5-18

കരാർ നം./തിയ്യതി 135/18-19/8-3-19

കരാർ തുക ₹ 11,96,767- ( .02% ടെണ്ടർ കുറവ് )

കരാറുകാരൻ ശ്രീ.പി.പി. അനീഷ്

വൗ.നം. 64 തി. 27-1-20 ₹ 734858-

അളവുപുസ്തകം 128/18-19, 225/18-19

ഓഡിറ്റ് എൻക്വയറി നം. 54 തി.2-2-22

1-7-17 നുമ്പ് കരാറിലേർപ്പെട്ട പ്രവൃത്തികളിൽ VAT സംവിധാനത്തിൽ നിന്ന് GST യിലേക്ക് മാറുമ്പോൾ കരാറുകാരുടെ അധികഭാരം കുറക്കുന്നതിന് 1%മുതൽ 5 % വരെ GST കോമ്പൻസേഷൻ സ.ഉ. (പി) 87/17 LSGD തി.1-11-17 പ്രകാരം അനുവദിക്കുകയുണ്ടായി.

സർക്കാർ സർക്കുലർ 18/2019 ധന. തി. 1-3-19 പ്രകാരം പിന്നീട് 15-3-19 മുതൽ പ്രാബല്യത്തിലുള്ള കോസ്റ്റ് ഇൻഡക്സ് ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്മേൽ GST ഇനത്തിൽ 12% കരാറുകാർക്ക് പിന്നീട് അനുവദിച്ചു

Ind & PW B 2/176/2019 Fin തി. 22-10-19 പ്രകാരം മേൽ കാര്യങ്ങളെല്ലാം ആവർത്തിച്ചുകൊണ്ട് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, LSGD ചീഫ് എഞ്ചിനീയർക്ക് ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിട്ടുള്ളതുമാണ്.

മേൽപ്രകാരം പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചത് 24-5-18ലും കരാറിലേർപ്പെട്ടിട്ടുള്ളത് 8-3-19 ലുമാണ്. GST പ്രാബല്യത്തിലുള്ള കാലയളവിലാണ് സാങ്കേതികാനുമതി ലഭിച്ച് കരാറിലേർപ്പെട്ടിട്ടുള്ളത്. ഈ സാഹചര്യത്തിൽ VAT സംവിധാനത്തിൽ നിന്ന് GST യിലേക്ക് മാറുന്ന കാര്യം ഇല്ലേയില്ല. ഈ സാഹചര്യത്തിലാണ് ₹ 11,33,728-ന്റെ (പ്രവൃത്തി മൂല്യം) 5% ആയ ₹ 56686- GST കോമ്പൻസേഷൻ ഇനത്തിൽ ഫൈനൽ ബിൽ നൽകുന്ന വേളയിൽ അനർഹമായി നൽകിയിട്ടുള്ളത്.

അർഹതയില്ലാതെ ₹ 56686- GST കോമ്പൻസേഷൻ ഇനത്തിൽ നൽകിയത് ഈടാക്കേണ്ടതാണ്.

.

## 1-38 സ്കൂളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ -ചെലവു തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ – പ്രിൻസിപ്പൽ, ഗവ. എച്ച് എസ്.എസ്, ചാവക്കാട്

പ്രൊജക്റ്റ് നമ്പർ - 181/20

പ്രൊജക്റ്റ് - സ്കൂളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ

അടങ്കൽ - 7,83,000/-

ബിൽ നം. 335/4.2.20 തുക –419932/-
430/28.02.20 തുക –362861/-

മേൽ പദ്ധതിപ്രകാരം ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനായി 7,82,783/- രൂപ സിഡ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. 600 കസേരകൾ Armed Chair With Premium Quality വാങ്ങുന്നതിന് പർച്ചേസ് ഓർഡർ നൽകിയെങ്കിലും 600 Armless കസേരകളാണ് വിതരണം നടത്തുകയുണ്ടായത് (ഇൻവോയിസ് നം. OLR /19-20/188/ തീ. 10.12.19, OLR /19-20/246) എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ Armed Chair എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (ഓഡിറ്റ് എൻക്വയറി നം.19/25.01.22) ഓഡിറ്റ് കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രീമതി.ബീന.വി.എസ്, Rtd.പ്രിൻസിപ്പാൾ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി നിലവിലെ പ്രിൻസിപ്പാൾ ലഭ്യമാക്കുകയുണ്ടായി. Armed Chairനു പകരം Armless Chair ആണ് സപ്ലൈ ചെയ്തിട്ടുള്ളതെന്നും ഈ ഇനത്തിലുള്ള നഷ്ടം SIDCOയിൽ നിന്ന് ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനു മറുപടി പ്രകാരം ശ്രീമതി.ബീന.വി.എസ്, റിട്ട. പ്രിൻസിപ്പാൾ നിലവിലുള്ള പ്രിൻസിപ്പളിനോട് ആവശ്യപ്പെട്ടിട്ടുള്ളതായി കണ്ടു. Armedchair നു പകരം Armlesschair സപ്ലൈ ചെയ്ത സംഗതിയിൽ യഥാസമയം ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്ന കാര്യത്തിൽ വിശദീകരണം നൽകേണ്ടതും നഷ്ടം വന്ന തുക SIDCOയിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി തുക ചെലവു നടന്ന ശീർഷകത്തിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പർച്ചേസ് ഓർഡർ നല്കിയതിന് വിഭിന്നമായി ഫർണ്ണിച്ചറുകൾ വിതരണം ചെയ്തതിനാൽ ചെലവു തുക 7,82,783/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-39 അഗതിരഹിത കേരളം-വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച തുക ചെലവഴിച്ചിട്ടില്ല

ഫയൽ നം-KS 13517/19

പ്രോജക്റ്റ്- Soo 39/20അഗതി രഹിതകേരളം

നിർവഹണ ഉദ്യോഗസ്ഥ – പ്രോജക്റ്റ് ഓഫീസർ, ദാരിദ്ര നിർമാർജന സെൽ

ഫണ്ട് - വികസനഫണ്ട് (എസ്.സി.പി.)

അടങ്കൽ -1000000

ചെലവ്-1000000 ട്രഷറി ബിൽ - 7/27 -8-19

നഗരസഭയിലെ അഗതികളും, നിരാലംബരുമായവർക്ക് വേണ്ട സഹായങ്ങൾ (ചികിത്സ, ഭക്ഷണം, ടോയ്‌ലെറ്റ്, മറ്റു അവശ്യ സർവീസ്) നൽകുന്നതിനുള്ള ഈ പദ്ധതിയിക്കായി 1000000രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. തുടർന്ന് ഈ തുക അഗതിരഹിത കേരളം എന്ന അക്കൗണ്ടിൽ (ഫെഡറൽ ബാങ്ക്, ഗുരുവായൂർ ശാഖ) നിക്ഷേപിച്ചതായും, TSB A/C, (തനതുഫണ്ട്) ലേക്ക് മാറ്റിനിക്ഷേപിച്ചതായും ഫയലിൽ രേഖപ്പെടുത്തിക്കാണുന്നു. ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയുടെ ചെലവു രേഖകളും ഫയലിൽ ഇല്ല. അഗതിരഹിത കേരളം എന്ന അക്കൗണ്ടിൽ വികസന ഫണ്ടിൽ നിന്ന് തുക പിൻവലിച്ച് നിക്ഷേപിക്കുന്നതിന് ആസ്പദമായ ഉത്തരവുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി.31/28-1-22) 02.02.2022 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ജി.ഒ.(പി)119/2015/ധന/21.03.15 ഉത്തരവു പ്രകാരം വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച തുക ചെലവഴിക്കാത്തതിനാൽ, കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-40 അഡ്വാൻസ് തുകകൾ അനുവദിച്ചത് - തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് ജി.ഒ (പി)490/2011 തീയതി 4.10.11 പ്രകാരം വിവിധ പ്രവൃത്തികൾക്കായി നൽകുന്ന മുൻകൂർ തുകകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം എന്നും നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ പതിനെട്ട് ശതമാനം പലിശ സഹിതം തിരിച്ച് പിടിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2016-17മുതലുള്ള അഡ്വാൻസ് തുകകൾ ക്രമീകരിക്കാൻ ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | കക്ഷിയുടെ പേര് | തുക | അഡ്വാൻസിന്റെ വിവരം |
|---|---|---|---|---|
| 1 | 05.05.16 | പി.കെ ജയാനന്ദൻ, PWO | 35000 | ക്രിമറ്റോറിയത്തിലെ കെട്ടിടത്തിൽ ഇലക്ട്രിക്കൽ കണക്ഷൻ പുനസ്ഥാപിക്കുന്നതിനും മോട്ടോർ പുനസ്ഥാപിക്കുന്നതിനും |
| 2 | 05.05.16 | വി.പോൾ തോമാസ്, എച്ച് ഐ | 7000 | നഗരസഭ അഗതി മന്ദിരം, സെപ്റ്റിക് ടാങ്ക്, കുഴൽ കിണർ റിപ്പയർ |
| 3 | 11.05.16 | പി.കെ ജയാനന്ദൻ, PWO | 5000 | നിയമസഭ ഇലക്ഷൻ ബൂത്ത് സജ്ജീകരിക്കൽ |
| 4 | 02.07.16 | വി.പോൾ തോമാസ്, എച്ച് ഐ | 2500 | നഗരസഭ വാർഡ്-5 തെങ്ങ് മുറിച്ച് മാറ്റുന്നതിന് |
| 5 | 15.07.16 | വി.വി രാജീവ്, AFO, കൃഷിഭവൻ | 100000 | നാട്ടുപച്ച2016 |
| 6 | 27.10.16 | ഡോ.ലസിത.കെ, മെഡിക്കൽ ഓഫീസർ, പൂക്കോട് | 7000 | PHC ലാബിലേക്ക് ലിവർ ഫക്ഷൻ ടെസ്റ്റിനായുള്ള പരിശോധന കിറ്റ് വാങ്ങുന്നതിന് |
| 7 | 19.12.16 | പോൾ തോമസ്സ്, എച്ച് ഐ, | 1000 | 18 ാം വാർഡ് അനധികൃത ഷെഡ് പൂട്ടും ചങ്ങലയും വാങ്ങുന്നതിന് |

| | | | | |
|---|---|---|---|---|
| 8 | 21.01.17 | പി.കെ ജയാനന്ദൻ, PWO | 6750 | വാർഡ് 26, 105-ാം നമ്പർ അംഗനവാടി രജിസ്ട്രേഷൻ |
| 9 | 27.01.17 | പി.കെ ജയാനന്ദൻ, PWO | 13650 | 38-ാം വാർഡ്, 109-ാം നമ്പർ അംഗനവാടി രജിസ്ട്രേഷൻ |
| 10 | 21.8.17 | ജോയ്ഫ്രീ സുദർശൻ | 4000 | വാർഡ് 35 മരം മുറിച്ച് മാറ്റിയതിന് |
| 11 | 8.1.18 | നിഷാന്ത് പി എസ്<br>PWO III | 23000 | 4-ാം വാർഡ്, 83-ാം നമ്പർ അംഗനവാടി ഭൂമി രജിസ്ട്രേഷൻ |
| 12 | 2.3.18 | രാജീവ്, ജെ എച്ച് ഐ | 3500 | വാർഡ് 22 തെങ്ങ് മുറിച്ച് മാറ്റുന്നതിന് |
| 13 | 13.3.28 | ശ്രീവത്സൻ<br>PWO III | 30000 | 1.5എച്ച് പി മോട്ടർ തൈക്കാട് കോളനിയിലേക്ക് വാങ്ങുന്നതിന് |
| 14 | 13.6.18 | ശ്രീവത്സൻ<br>PWO III | 8000 | ഗ്യാസ് ക്രിമിറ്റോറിയം ജനറേറ്റർ വയറിംഗ് |
| 15 | 17.10.18 | മധു, ജെ എച്ച് ഐ | 1950 | തെങ്ങ് മുറിച്ച് മാറ്റുന്നതിന് അനുവദിച്ചത് |
| 16 | 23.11.18 | സുബീഷ്, ജെ എച്ച് ഐ | 9300 | അപകടാവസ്ഥയിലുള്ള മരം മുറിച്ച് മാറ്റുന്നതിന് |
| 17 | 23.11.18 | മണികണ്ഠൻ കെ എസ് | 20000 | പകൽവീട്, വാട്ടർ എടി എം, മൃഗാശുപത്രി എന്നിവിടത്തേക്ക് വൈദ്യുതീകരണം |
| 18 | | മധു, ജെ എച്ച് ഐ | 1900 | തെങ്ങ് മുറിച്ച് മാറ്റുന്നതിന് അനുവദിച്ചത് |
| 19 | 27.3.19 | വാർഡ് സാനിറ്റേഷൻ കമ്മിറ്റി | 430000 | ശുചിത്വ മിഷൻ ആരോഗ്യ ജാഗ്രത- വാർഡ് 1ന് 10000 രൂപ വീതം 43വാർഡിന് കൺവീനർ /'ചെയർമാൻ വാർഡ് സാനിറ്റേഷൻ കമ്മിറ്റി എന്ന അക്കൗണ്ടിലേക്ക് അനുവദിച്ചത് |
| 20 | 28.3.19 | വാർഡ് സാനിറ്റേഷൻ കമ്മിറ്റി | 45000 | പ്രളയം കൂടുതൽ ബാധിച്ച 6,11,40 വാർഡുകളിൽ ശുചീകരണ പ്രവർത്തനം നടത്തുന്നതിന് കൺവീനർ /'ചെയർമാൻ വാർഡ് സാനിറ്റേഷൻ കമ്മിറ്റി എന്ന അക്കൗണ്ടിലേക്ക് അനുവദിച്ചത് |
| 21 | 29.5.19 | നഗരസഭ സെക്രട്ടറി | 25000 | സ്വച്ഛ ഭാരത് മിഷൻ - ഡൽഹിയിൽ വെച്ച് നടക്കുന്ന കോൺഫറൻസിൽ പങ്കെടുക്കുന്നതിന് ബഹു. സെക്രട്ടറിയ്ക്ക് അനുവദിച്ചത് |

| | | | | |
|---|---|---|---|---|
| 22 | 26.8.19 | രാജീവൻ.കെ, ജെ എച്ച് ഐ | 9000 | നഗരസഭയിൽ സിസി ടി വി ക്യാമറ സ്ഥാപിക്കുന്നതിന് |
| 23 | 31.8.19 | വാർഡ് സാനിറ്റേഷൻ കമ്മിറ്റി | 645000 | 2019ലെ മഴക്കാല പൂർവ്വശുചീകരണത്തിനായി 43വാർഡുകൾക്ക് 15000രൂപ വീതം അനുവദിച്ചത് |
| 24 | 4.9.19 | സുബീഷ്, ജെ എച്ച് ഐ | 2500 | അപകടാവസ്ഥയിലുള്ള മരം മുറിച്ച് മാറ്റുന്നതിന് |

സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലാത്ത മേൽ പ്രകാരമുള്ള തുകകൾ പതിനെട്ട് ശതമാനം പലിശ സഹിതം തിരിച്ച് പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

ഹെൽത്ത് സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

| പദ്ധതി നം | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 190/20 | വനിത മാലിന്യ പരിപാലന സേനയിലേക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങൽ | 554707 |
| 195/20 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ | 17057 |
| 209/20 | വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് | 199997 |

ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ 771761 രൂപ ഓഡിറ്റിൽ താത്ക്കാലികമായി തടസ്സത്തിൽ വെയ്ക്കുന്നു.

## 1-42 പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഫിസിയോ തെറാപ്പിസ്റ്റ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവർക്ക് വേതനം- ചെലവ് രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ, സി എച്ച് സി
പ്രോജക്ട് നം - 311/20

ബിൽ നം .18/19-20/ 24.2.20 തുക 20000

ബിൽ നം .28/19-20/ 24.3.20 തുക 20000

60വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് ഫിസിയോതെറാപ്പി, വ്യായാമം എന്നിവ നൽകുന്നതിന് ഫിസിയോതെറാപ്പിസ്റ്റിനെ നിയമിച്ച് വേതനം നൽകുന്നതിനാണ് പദ്ധതി. ആയത് പ്രകാരം ഫിസിയോ തെറാപ്പിസ്റ്റിന് മേൽ പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ നിയമനം സംബന്ധിച്ച നിയമന ഉത്തരവോ നടപടി ക്രമങ്ങളോ, കൗൺസിൽ തീരുമാനമോ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

ഫിസിയോ തെറാപ്പിസ്റ്റിന്റെ യോഗ്യത സംബന്ധിച്ച രേഖകൾ, വേതനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവൃത്തി ദിനങ്ങൾ, അറ്റൻഡൻസ് എന്നീ വിവരങ്ങളൊന്നുംതന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക 40000രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-43 പൂക്കോട് , ഗുരുവായൂർ ഹോമിയോ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്ന്, മെഡിക്കൽ എക്യുപ്മെൻസ് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ, സി എച്ച് സി
പ്രോജക്ട് നം - 308/20

ബിൽ നം .15/19-20/ 11.2.20 തുക 200000

ബിൽ നം .16/19-20/ 20.2.20 തുക 200000

ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുന്നതിനാണ് പദ്ധതി. ഹോംകോയുടെ പ്രൊഫോർമ ഇൻവോയ്സുകളുടെ

(PF186/22.7.19 തുക 200000, PF185/22.7.19 തുക 200000) അടിസ്ഥാനത്തിൽ സ്ഥാപനത്തിന് മേൽ പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. കൂടാതെ നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

### 1-44 പൂക്കോട് പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്കിലേക്ക് ആവശ്യമായ മരുന്ന് വാങ്ങൽ - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ, സി എച്ച് സി
പ്രോജക്റ്റ് നം - 1/20

ബിൽ നം .11/19-20/ 29.11.19 തുക 80088

മേൽ ബിൽ പ്രകാരമുള്ള തുക കെ എം എസ് സി എല്ലിനാണ് കൈമാറിയിരിക്കുന്നത്. എന്നാൽ സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയ്സ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇൻഡന്റ് തയ്യാറാക്കി കാണുന്നില്ല. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം KMSCL ൽ നിന്നും മരുന്നു വാങ്ങാൻ എന്നാൽ നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റും ലഭ്യമാക്കി കാണുന്നില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-45 പെയിൻ ആന്റ് പാലിയേറ്റീവ് - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ, സി എച്ച് സി
പ്രോജക്റ്റ് നം - 4/20

ബിൽ നം .7/19-20/ 9.8.19 തുക 225980

ബിൽ നം .8/19-20/ 18.10.19 തുക 146530

ബിൽ നം .22/19-20/ 24.3.20 തുക 22200

സുലേഖ പത്രിക പ്രകാരം 2019-20 വർഷത്തെ ആകെ ചെലവ് മേൽ പദ്ധതി പ്രകാരം 1434004 രൂപയാണ് എന്നാൽ ചെലവ് രേഖകൾ ഹാജരാക്കിയത് 394710രൂപയുടെ മാത്രമാണ്. 1039294 രൂപയ്ക്കു ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 1039294 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നഗരസഭ വിവരം ലഭ്യമാക്കിയില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

നഗരസഭ വിവരം ലഭ്യമാക്കിയില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 569,063 |
| തൻവർഷം നിക്ഷേപിച്ച തുക | 12489 |
| ആകെ | 581552 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 581552 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| സ്ഥിര നിക്ഷേപം | 81552 | ഗുരുവായൂർ |
| State Government Securities | -- | അർബൻ കോ – ഓപ്പറേറ്റീവ് ബാങ്ക് |
| Equity Shares | 500000 | |
| ആകെ | 581552 | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീതി നമ്പർ/ തീയതി |
|---|---|---|---|---|
| 2012-2013 | 3-9 | 5760 | പ്രദീപൻ, സീനിയർ ക്ലാർക്ക് | 121010111222 തീയതി 15.11.2021 |

നഗരസഭ ലഭ്യമാക്കിയ വിവരമാണ് മേൽ ചേർത്തിരിക്കുന്നത്. വാർഷിക കണക്കിലെ RP-29 പ്രകാരം ഓഡിറ്റ് റിക്കവറി തുക 18651/- ആണ്. ആയത് മേൽ വിവരവുമായി പൊരുത്തപ്പെടുന്നില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1999-2000 | 19,42,33,40 | 2003-2004 ഖ. 6-13 | കോൺക്രീറ്റിംഗ് അധിക തുക നൽകിയതിന്, ചെയർപേഴ്സൺ ഫോൺ ചാർജ്ജ് | 27.08.2021 ന് തുകകൾ ഈടാക്കി നടപടി വിശദീകരണ പത്രിക നൽകിയിട്ടുള്ളതാണ് |
| 2000-2001 | 2-16 | 2005-2006 ഖ. 3-17-1 | ഭവന നിർമ്മാണം കോസ്റ്റ് ഫോർഡ് മുഖാന്തിരം തീരുമാനിച്ചതിലുണ്ടായ സാമ്പത്തിക നഷ്ടം | 14.09.2021 ന് നടപടി വിശദീകരണ പത്രിക നൽകിയിട്ടുള്ളതാണ്. |
| 2013-2014 | 48 | 2013-2014 5-3-5(2), 5(3), 5(4), 5(10) | വനിത കാൻറീൻ, ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്, പൂക്കോട് | 29.04.2016 നടപടി വിശദീകരണ പത്രിക നൽകിയിട്ടുള്ളതാണ്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 86,07,59,081 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90,37,01,881 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 58,62,545 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 319500 | രാമകൃഷ്ണൻ , എഎഫ്ഒ |
| 1-32 | 33199 | രാമകൃഷ്ണൻ , എ.എഫ്.ഒ |
| 1-38 | 782783 | ബീന, പ്രിൻസിപ്പൽ , ജിഎച്ച്എസ് |
| 1-41 | 771761 | മൂസക്കുട്ടി, എച്ച്.എസ്. |
| 1-42 | 40000 | ഡോ.ലസിത, മെഡിക്കൽ ഓഫീസർ |
| 1-45 | 1039294 | ഡോ.ലസിത, മെഡിക്കൽ ഓഫീസർ |
| ആകെ | 2986537 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | സ്ഥിരം മേൽവിലാസം |
|---|---|
| രാമകൃഷ്ണൻ , എഎഫ്ഒ | മട്ടുമ്മൽ, ഇരുവേലി, പി.ഒ. മുവ്വഞ്ചേരി, കണ്ണൂർ 9446167937 |
| മൂസക്കുട്ടി, എച്ച്.എസ്. | കുന്നക്കാടൻ,<br>ഒതുക്കങ്ങൽ<br>മലപ്പുറം 9947556873 |
| ഡോ.ലസിത, മെഡിക്കൽ ഓഫീസർ | പ്രണവം, തിരുവെങ്കിടം, ഗുരുവായൂർ 9447638119 |
| ബീന, പ്രിൻസിപ്പൽ, GHSS | നമ്പിടിയത്തിൽ, അരുവായ്, പഴഞ്ഞി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 68-69 | എൽഎഫ്. 2825/ ഇ2(1)70/07.04 |
| 72-73 | എൽ.എഫ് .5176ഇ2 (1)74/ 20.10.77 |
| 73-74 | എൽ.എഫ്. 2963ഇ 2 (1)75/12.11.75 |

| | |
|---|---|
| 74-75 | എൽ.എഫ്. 3243ഇ2 (1)76/15.7.76 |
| 75-76 | എൽ.എഫ്.1642 ഇ2 (1)77/2.7.79 |
| 76-77 | എൽ. എഫ്. 3337.ഇ2 (1)78/23.7.79 |
| 77-78 | എൽ.എഫ്.ടി-4-394/80/8.4.80 |
| 78-79 | എൽ. എഫ്.ടി-4- 1368/812.11.81 |
| 79-80 | എൽ. എഫ്.ടി-4-2098/82/ 25.1.83 |
| 80-81 | എൽ. എഫ്.ടി-4-2520/83 / 21.1.84 |
| 81-82 | എൽ.എഫ്.ടി-4-766/87.28.3.84 |
| 82-83 | എൽ.എഫ്.ടി-4-1214/89/16.8.90 |
| 83-84 | എൽ.എഫ്.ടി-4-1548/90/31.1.91 |
| 84-85 | എൽ.എഫ്.ടി-4-1286/91/6.10.91 |
| 85-86 | എൽ.എഫ്.ടി-4-43/93/20.11.93 |
| 86-87 | എൽ.എഫ്.ടി-4-595/94/24.2.95 |
| 88-89 | എൽ.എഫ്.ടി-4-2014/9531.3.97 |
| 89-90 | എൽ.എഫ്.ടി-4-1020/97/7.10.97 |
| 96-97ചെലവ് | എൽ.എഫ്.ടി-4-1025/97/15.4.98 |
| 96-97 വരവ് | എൽ.എഫ്.ടി-4-994/2001/ 24.11.01 |
| 91-92മുതൽ 95-96വരെ | എൽ.എഫ്.ടി-4-1780/7/10.9.09 |
| 97-98ചെലവ് | എൽ.എഫ്.ടി-4-568/00/3.8.00/ 30.11.00 |
| 97-98വരവ് | എൽ.എഫ്.ടി-4-1779/08/10.9.09 |
| 98-99ചെലവ് | എൽ.എഫ്.ടി-4-1209/01/ 12.2.01/ 28.6.02 |
| 98-99ചെലവ് | എൽ.എഫ്.ടി-4-1458/0810.9.09 |
| 99-2000ചെലവ് | എൽ.എഫ്.ടി-4-1612/02/3.10.02 |
| 99-2000വരവ് | എൽ.എഫ്.ടി-4-1459/07/ 11.11.07 |
| 2000-01 | എൽ.എഫ്.ടി-4-1461/04/4.3.03 |
| 01-02 വരവ് | എൽ.എഫ്.ടി-4-687/01./5.6.2010 |
| 01-02ചെലവ് | എൽ.എഫ്.ടി-4-1409/0518.5.06/ 17.7.06 |
| 02-03ചെലവ് | എൽ.എഫ്.ടി-4-475/07/8.10.07/ 16.2.08 |
| 02-03വരവ് | എൽ. എഫ്.ടി-4-688/09/5.6.10 |
| 03-04വരവ് | എൽ.എഫ്.ടി-4-689/09/26.6.10 |
| 04-05 വരവ് | എൽ.എഫ്.ടി-4-690/09/26.6.10 |
| 05-06 വരവ്-ചെലവ് | എൽ.എഫ്.ടി-4-691/09/29.6.10 / 31.3.11 |
| 06-07 | എൽ.എഫ്.ടി 4-117/2011/ 10.11.11. |
| 07-08 | എൽ.എഫ്.ടി.എം.-118/11/ 10.11.11 |
| 08-2009 | എൽ.എഫ്.ടി.എം.-2610/11/ 25.6/12 /3.10.12 |
| 2009-2010 | എൽ.എഫ്.ടി.എം.-2611/11/ 25.6.12/3.10.12 |
| 2011-2012 | എൽ.എഫ്.ടി.എം.150/1230.6.12/ 8.8.12 |

| | |
|---|---|
| 2011-12 | എൽ.എഫ്.ടി.എം.77/2013/ 13.413/2.9.13 |
| 2012-13 | എൽ.എഫ്.ടി.എം.836/14 തിയതി.04.02.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(എം) 1434/15 തി. 16.11.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(എം) 1402/116 തി. 09.08.2016. |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(എം) 56/2017 തി. 31.01.2017. |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(എം) 1723/2017 തി. 05.12.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(എം)837/19 തീ. 10.07.19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(എം)502/20 തീ.10.06.2020 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്